ലക്കം 1 | പ്രോഗ്രാം കമ്മിറ്റി പ്രസിദ്ധീകരണം



14
ജനുവരി
2026

# വനിക

സംസ്ഥാന സ്കൂൾ കലോത്സവ പത്രിക

30
ധനു
1201

## തൃശൂർ – വൈവിധ്യങ്ങളെ ആശ്ലേഷിച്ച നാട്

**ഈ.ഡി. ഡേവീസ്**

'കേരള സംസ്കാരത്തിന്റെ സൗഭാഗ്യ തിലകമാണ് തൃശൂർ നഗരം.' മഹാകവി ജി. ശങ്കരക്കുറുപ്പ് ഓർമയുടെ ഓളങ്ങളിൽ  എന്ന ആത്മകഥാപുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട് . മനുഷ്യരെയും അവരുടെ സൃഷ്ടിവിശേഷങ്ങളെയും  തൊട്ടറിഞ്ഞ നാടാണ് ആധുനിക കാലത്തെ തൃശൂർ . കൊച്ചി രാജകുടുംബത്തിലെ നാലാം കൂറു തമ്പുരാനായിരുന്ന കൈരളീവിധേയൻ അപ്പൻ തമ്പുരാനെ കൊണ്ട് 1930 കളിൽ രാജകുടുംബങ്ങളുടെ അധികാരമതിൽക്കെട്ട് പൊട്ടിക്കാൻ പ്രേരിപ്പിച്ചത് ഈ നാടിന്റെ സാംസ്കാരിക ശക്തിവിശേഷങ്ങളാണ്. അദ്ദേഹം ധീരമായി  പറഞ്ഞു. 'എനിക്ക് ചോറു തരുന്നത് ജനങ്ങളാണ്. അതിനാൽ ജനങ്ങൾക്കു വേണ്ടി എന്തെങ്കിലും പ്രവർത്തിക്കാതിരുന്നു കൂടാ' ഇന്ത്യയിലെ രാജവാഴ്ചയുടെ ചരിത്രത്തിൽ വേറൊരു തമ്പുരാൻ ഇങ്ങനെ പറഞ്ഞു കേട്ടിട്ടുണ്ടോ? ഇല്ല എന്നു തന്നെയാണ് ഉത്തരം. അങ്ങനെ പറയിച്ചതിനു പിന്നിൽ ആധുനികമായ ജനാധിപത്യ സംസ്കാരത്തിന്റെ സ്വാധീനമല്ലേ സുവ്യക്തമാകുന്നത്. ശക്തൻതമ്പുരാൻ കൊച്ചി രാജ്യത്തിലെ തൃശൂരിൽ ആസൂത്രണം ചെയ്ത ആധുനികനഗരത്തേയും, അവിടത്തെ സാമൂഹികവും പാരിസ്ഥിതികവുമായ  വൈവിധ്യത്തിന്റെയും, അതേ തുടർന്നുണ്ടായ മാനവികമായ അവസ്ഥാവിശേഷങ്ങളുടെയും ശക്തി സ്രോതസായി ,ഇരുപതാം നൂറ്റാണ്ടിലെ തൃശൂർ നിലകൊണ്ടതിന്റെ ശക്തിസ്രോതസ്സാണ് അപ്പൻ തമ്പുരാന്റെ ജീവിതത്തിൽ പ്രതിഫലിച്ചത്.

അപ്പൻ തമ്പുരാന്റെ ജീവിതം പ്രൊഫ. ജോസഫ് മുണ്ടശ്ശേരിക്ക് പ്രചോദനം ആയിരുന്നല്ലോ. ഐക്യകേരളത്തിലെ ആദ്യ വിദ്യാഭ്യാസമന്ത്രി, കൊഴിഞ്ഞ ഇലകൾ എന്ന ആത്മകഥയിൽ എഴുത്തിയത് ശ്രദ്ധിക്കുക; 'കേരളത്തിന്റെ ഇരുളടഞ്ഞ അധ്യായങ്ങളിലേക്ക് ഇറങ്ങിചെന്ന് അന്വേഷണം നടത്താനുള്ള എന്റെ കൗതുകത്തെ ഇടയ്ക്കിടക്കങ്ങനെ പരിപോഷിപ്പിച്ചു കൊണ്ടിരുന്നതു ഭൂതരായരുടെ കർത്താവായ ശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടാണ്. ഭൂതരായർ വായിച്ചപ്പോൾ തൊട്ടു തമ്പുരാനുമായി കണ്ട് കേരളപ്പഴമകളെ കുറിച്ച് സംസാരിക്കുക എന്നത് ഒരു പതിവായിത്തീർന്നു എനിക്ക് .അദ്ദേഹത്തിനും അതൊരു രസമായിരുന്നു. കുറെക്കൂടി ശാസ്ത്രീയമായി പണ്ടത്തെ സ്ഥിതിഗതികളെ കുറിച്ച് അന്വേഷണം നടത്തി പുതിയൊരു കേരള ചരിത്രം എഴുതാൻ തന്നെ തയ്യാറെടുക്കുക ആയിരുന്നു അക്കാലത്ത് അദ്ദേഹം. ആ വിഷയത്തെച്ചൊല്ലി സംസാരിച്ചിരിക്കാൻ വേറെ സാഹിത്യകാരന്മാരെ സാധാരണഗതിയിൽ കിട്ടാതിരുന്നതിനാൽ ഞാനിടയ്ക്കിടയ്ക്കു കാണാൻ ചെന്നിരുന്നതിൽ അദ്ദേഹം വിശേഷിച്ചു സന്തോഷിച്ചിരുന്നു. ചെന്നങ്ങോട്ടു കയറേണ്ട താമസമേയുള്ളൂ. ചാർട്ടുകളും മറ്റും നിവർത്തി സംസാരമങ്ങു തുടങ്ങും അദ്ദേഹം. ആവേശത്തോടു കൂടിയ ആ സംസാരത്തിനിടയിൽ മറ്റെന്തും സംഭവിക്കട്ടേ. അദ്ദേഹം അറിയുമായിരുന്നില്ല. കേസരി ബാലകൃഷ്ണപ്പിള്ളയിൽ മാത്രമേ ഞാൻ അത്തരമൊരു പ്രകൃതം വേറെ കണ്ടിട്ടുള്ളൂ.'

മതജാതി സങ്കുചിതത്തത്തിൽ നിന്ന് കേരളം പുറത്തുകടക്കുന്നതിന്റെ നാന്ദി ആയിരുന്നു തൃശൂരിലെ സ്വരാജ് റൗണ്ട് എന്ന ഭൂമിക. തൃശൂർപൂരവും പുലക്കളിയും കുമ്മാട്ടിയും എല്ലാ മടക്കമുള്ള ആഘോഷങ്ങൾ സവിശേഷ സാഹചര്യത്തിൽ ഇവിടെ സൃഷ്ടിച്ചെടുത്തതാണ്. ആറാട്ടുപുഴ പൂരത്തിന്റെ നടത്തിപ്പിൽ കുട്ടനെല്ലൂർ കരക്കാർ ഉണ്ടാക്കിയ ഫ്യൂഡൽ ചിന്താപരവും  അനുഷ്ഠാനപരവും ആയ സങ്കുചിതത്തെ ചെറുത്തു തോല്പ്പിച്ചാണ് അതിനു ബദലായ തൃശൂർ പൂരം ഉണ്ടായത്. ശക്തൻ തമ്പുരാന്റെ നേതൃത്വം അതിനുണ്ടായിരുന്നു. പുലക്കളി രൂപപ്പെട്ടതും ഇവിടെ വന്നു തമ്പടിച്ച പഠാണി പട്ടാളക്കാരിൽ നിന്നു മാണല്ലോ. അവരുടെ മുഹറം ആഘോഷം ഓണക്കാലത്തെ പുലിക്കളി ആഘോഷമായി പരിണമിച്ചു. തൃശൂരിലെ കുമ്മാട്ടിയും (കുറച്ചു കാലമായത് ചിലയിടത്ത് ക്ഷേത്രമുറ്റത്ത് എത്തിയിട്ടുണ്ട്.) ആചാരപരമല്ല . തികച്ചും വിനോദപരമാണ്. തള്ളയാണ് മുഖ്യവേഷം .പിന്നെ കാട്ടളനും മറ്റും ഇതു കാണിക്കുന്നത് . തൃശൂരിൽ ഉയർന്നു വന്ന  സാമൂഹികദൃശ്യതയിലെ വൈവിധ്യത്തെയും  , ആധുനിക ജീവിതചിന്തകളെയും  , മതാതീതമോ മതസൗഹാർദ്ദപരമോ ആയ  ആലോചനകളെയും ഇതു സാക്ഷ്യപ്പെടുത്തുന്നു.

വടക്കുന്നാഥൻ  തിരുവമ്പാടി പാറമേക്കാവ് ക്ഷേത്രങ്ങളെ കലാസാന്ദ്രമാക്കുന്ന എഴുന്നള്ളിപ്പുകൾ , ദേശക്ഷേത്രങ്ങളിൽ നിന്നാരംഭിക്കുന്ന ചെറുപൂരം എഴുന്നള്ളിപ്പുകൾ, ഇലഞ്ഞിത്തറമേള വിസ്മയം, തിരുവമ്പാടിയിൽ നിന്നുള്ള മഠത്തിൽ വരവ് പഞ്ചവാദ്യത്തിമിർപ്പ്, കുടമാറ്റം, വെടിക്കെട്ട് , അതിന്റെയെല്ലാം സാമ്പിൾപൂരം, എല്ലാം വിരാജിക്കുന്ന തേക്കിൻകാടിന്റെ മൈതാനമൈത്രി . എത്രയെത്ര കലാവിഷ്കാരങ്ങളുടെ വിളഭൂമിയാണ് തൃശൂർപൂരവും , തേക്കിൻകാട് മൈതാനവും സ്വരാജ് റൗണ്ടും എന്നറിയുക.

1798ൽ ആരംഭിച്ച തൃശൂർ പൂരം അങ്ങനെ ഇന്ന് പൂരങ്ങളുടെ പൂരമാണ്. കലാവിസ്മയങ്ങൾ വെടിക്കെട്ടിലും ദൃശ്യമാണ്. വെടിക്കെട്ട് വർണ്ണക്കാഴ്ചയാക്കുന്നതിലും, വർണ്ണകുടകളും മറ്റുമായി  ആനച്ചമയങ്ങൾ തീർക്കുന്നതിലും , തൃശൂരിലെ നസ്രാണി കുടുംബങ്ങളുടെ പങ്കുണ്ട്. ലിസിയുടെ വിലാപ്പുറങ്ങൾ എന്ന നോവലിന്റെ ഒരദ്ധ്യായം തൃശൂർപൂരത്തിന്റെ മതസൗഹാർദ്ദപരമായ ആവിഷ്കാരത്തെ ഓർമ്മിപ്പിക്കുന്നതാണ്. അതേ വിധവാവിവാഹ വിപ്ലവകർത്താവായ എം.ആർ.ബി പറയുന്ന പോലെയുള്ള ഒരു മനുഷ്യശ്രീ തൃശൂരിന് ഉണ്ട്. അതു കളഞ്ഞു കുളിക്കരുത് . എഷ്യയിലെ എറ്റവും വലിയ കൗമാര കലോത്സവമായ കേരള സ്കൂൾ കലോത്സവം വൈവിധ്യ പൂർണവും മതനിരപേക്ഷവുമായ കലാവിഷ്കാരങ്ങളുടെ പാഠങ്ങൾ കേരളീയർക്ക് സമ്മാനിക്കുന്നു എന്നത് വലിയ പ്രത്യാശയാണ്.

## സന്ദേശം





കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ കൗമാര കലാമേളയായ സംസ്ഥാന സ്കൂൾ കലോത്സവം കേരളത്തിന്റെ സാംസ്കാരിക പെരുമയുടെയും മതേതരത്വത്തിന്റെയും അടയാളമാണ്. കലയും സാഹിത്യവും മനുഷ്യനെ ഒന്നിപ്പിക്കാനുള്ളതാണെന്നും, അത് അതിരുകളില്ലാത്ത സ്നേഹത്തിന്റെ ഭാഷയാണെന്നും ഓരോ കലോത്സവവും നമ്മെ ഓർമ്മിപ്പിക്കുന്നു. മത്സരങ്ങൾക്കപ്പുറം, സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും വലിയൊരു ഒത്തുചേരലായി സ്കൂൾ കലോത്സവങ്ങൾ മാറുന്നുണ്ട്. ആ തിരിച്ചറിവ് പുതുതലമുറയ്ക്ക് പകർന്നു നൽകാൻ ഈ കലാമേളയ്ക്ക് സാധിക്കണം.

സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി 'വനിക' എന്ന പേരിൽ ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കാൻ പ്രോഗ്രാം കമ്മിറ്റി തീരുമാനിച്ചത് തികച്ചും ഉചിതമായി. കലോത്സവ വിശേഷങ്ങൾക്കൊപ്പം തന്നെ, കലയുടെ സാമൂഹിക പ്രസക്തിയും വർത്തമാനകാല ചിന്തകളും പങ്കുവെക്കുന്ന ഇടമായി 'വനിക' മാറട്ടെ എന്ന് ആശംസിക്കുന്നു.

The Convenor
Email: rameshnkr@gmail.com

പിണറായി വിജയൻ

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

## 'വനിക'യെന്നാൽ...

'വനിക'യെന്നാൽ പൂന്തോട്ടം. കലയുടെ നിറ സുഗന്ധങ്ങളാൽ വസന്തം വിടർത്തുന്ന 25 വേദികൾക്ക് 25 പൂക്കളുടെ പേരുകളാണ് ഇത്തവണ സംസ്ഥാന കലോത്സവത്തിൽ നൽകിയിരിക്കുന്നത്.

സമഭാവനയുടെയും വൈവിധ്യത്തിന്റെയും കൂട്ടായ്മയുടെയും ഇടങ്ങൾ കൂടിയാണ് ഓരോ പൂന്തോട്ടവും. വിടർന്ന പൂവിനെ മാത്രമല്ല വീണ പൂവിന്റെ വേദന കൂടി അത് ഏറ്റുവാങ്ങുന്നു. ഓരോ ഇതളും വിരിയുന്നത് മണ്ണിലൂന്നി നിൽക്കുന്ന തായ് വേരിന്റെ ഉൺമയിലാണെന്ന സത്യം തിരിച്ചറിയുന്നു.

എല്ലാ പൂക്കളേയും 'വനിക'യിൽ വിന്യസിച്ചാണ് നമ്മൾ ഈ ബഹുസ്വരതയുടെ ഉത്സവം ആഘോഷമാക്കുന്നത്. കേരളത്തിലെ പ്രതിഭാശാലികളായ കുട്ടികളുടെ സംഗമം തന്നെയാണ് 'വനിക'യിലെ പുഷ്പ സംഗമവും. ഓരോ പൂവും ഓരോ നിറത്തിന്റെയും ഓരോ സുഗന്ധത്തിന്റെയും അത്ഭുതം സൂക്ഷിക്കുന്നതുപോലെ കലോത്സവത്തിനെത്തിയ ഓരോ കുട്ടിയും ഒരോ അത്ഭുതം ഉള്ളിൽ സൂക്ഷിക്കുന്നു. അരങ്ങിൽ കുട്ടിയുടെ ഹൃദയം മിടിക്കാൻ തുടങ്ങുന്നതോടെ സദസ്സിലെ ആയിരങ്ങളുടെ മനസ്സിലും വിസ്മയത്തിരകൾ  ഉയരുകയായി. വരിക, 'വനിക'യിലേക്ക്... എല്ലാവരേയും ഞങ്ങൾ നിറഞ്ഞ മനസ്സോടെ വിളിക്കുന്നു...

ഉത്തരവാദിത്ത കലോത്സവം

64-ാമത് കേരള സ്കൂൾ
കലോത്സവം
2026 ജനുവരി 14 - 18 • തൃശ്ശൂർ

# കലോത്സവത്തിലേക്ക്

## എഡിറ്റോറിയൽ

വനികയിലേക്ക് സ്വാഗതം

കേരള സ്കൂൾ കലോൽത്സവം സാംസ്കാരിക തലസ്ഥാനമായ തൃശൂരിലേക്ക് വീണ്ടും എത്തിയിരിക്കുന്നു. പൂരങ്ങളുടെ നാട് കൗമാരത്തിന്റെ കലാ സാഹിത്യ ഉത്സവത്തിന് വേദിയാകുമ്പോൾ കലാകേരളം പുതിയ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. കലയും സാഹിത്യവും സംസ്കാരവും വരും നാളുകളിൽ പുതിയ തലമുറയെ പ്രചോദിപ്പിക്കുന്നതായിരിക്കണം. വർത്തമാന ലോകത്തെ സംഘർഷങ്ങളും വെറുപ്പും വിദ്വേഷവും മാനവ സമാധാനത്തേയും സാഹോദര്യത്തേയും ഇല്ലായ്മ ചെയ്യുന്ന രീതിയിൽ വളരുന്നു. ലോക സമാധാനം ആഗ്രഹിക്കുന്നവർ കലയിലൂടെ ഒന്നിക്കാൻ കലോത്സവങ്ങൾ കാരണമാകണം. 25 വേദികളിലായി 249 ഇനങ്ങളിൽ 15,000 കലാപ്രതിഭകളാണ് സാംസ്കാരിക നഗരിയിൽ കലയുടെ പ്രകടനത്തിനായി എത്തുന്നത്.

2026 ജനുവരി 14 മുതൽ 18 വരെ ഏഷ്യയിലെ ഏറ്റവും വലിയ കൗമാര മഹോത്സവം തൃശൂരിൽ നടക്കുമ്പോൾ മുൻ വർഷങ്ങളിൽ തൃശൂരിലെ കലോത്സവങ്ങളിൽ പ്രോഗ്രാം കമ്മിറ്റി നടത്തിയ സംസ്കാരിക ഇടപെടലിന്റെ തുടർച്ച എന്ന നിലക്കാണ് ഈ വർഷം 'വനിക' തയ്യാറാക്കിയിരിക്കുന്നത്. അറിവും ആശയവും ആസ്വാദനവും അതിലുപരി കലോത്സവം വിഭാവനം ചെയ്യുന്ന മാനവസ്നേഹത്തിന്റെ വിളംബരമാകാനാണ് 'വനിക' ശ്രമിക്കുന്നത്. കലോത്സവത്തിന്റെ ഊർജവും ആവേശവും ഉത്സവപ്രേമികളിലേക്ക് എത്തിക്കുന്നതിനൊപ്പം കലോത്സവ സംബന്ധിയായ വാർത്തകളും, ലേഖനങ്ങളും, അനുഭവങ്ങളും പങ്കുവയ്ക്കാനുള്ള ശ്രമമായി ഇതിനെ കാണാം.

25 പൂക്കളാകുന്ന വേദികളിൽ നടക്കുന്ന കലാമാമാങ്കത്തിന്റെ ദർപ്പമാണമാകാൻ ഈ കലോത്സവ 'വനിക'ക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്നു. മൂന്ന് ലക്കങ്ങളിൽ ആദ്യത്തെ ലക്കത്തിൽ കലോത്സവ സംബന്ധിയായ ലേഖനങ്ങൾക്കൊപ്പം ചില അനുഭവക്കുറിപ്പുകളും പങ്കുവയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടുതൽ പൂക്കളുമായി തുടർ ലക്കങ്ങളിൽ എത്താനാകും എന്ന് കരുതുന്നു. എല്ലാ വായനക്കാരുടേയും പിന്തുണയും നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## പത്രാധിപസമിതി

**ചീഫ് എഡിറ്റർ:**
എം.എ അരുൺ കുമാർ
**ചീഫ് കോർഡിനേറ്റർ :**
രമേഷ് എൻ കെ
**എഡിറ്റർ:**
സി.എ നസീർ
**സബ് എഡിറ്റർമാർ :**
ഡോ. ബിലു സി നാരായണൻ
രാകേഷ് എൻ ആർ
റീബ പോൾ
**പത്രാധിപ സമിതി അംഗങ്ങൾ**
ടി.വി. മദനമോഹനൻ
ഇ.ഡി. ഡേവീസ്
ഡോ. എം. എൻ വിനയകുമാർ
ശാന്തി പി.കെ
പ്രസന്നകുമാരി എം.വി
സി.ജെ ബിന്നറ്റ്
ബ്രിജി കെ. ബി
**ഉപദേശക സമിതി**
എ.സി മൊയ്തീൻ എം.എൽ.എ
യു.പി. ജോസഫ്
ഡോ. സിജി പി.സി
സാജൻ ഇഗ്നേഷ്യസ് സി
പ്രമോദ് കെ
**ഡിസൈനിംഗ്**
ജെയ്സൻ വടക്കൻ
**ഡി. ടി. പി**
ആനന്ദവല്ലി എം

പ്രിയരേ,

സംസ്ഥാന സ്കൂൾ കലോൽസവത്തിന് സാംസ്കാരിക തലസ്ഥാനമായ തൃശൂർ വീണ്ടും ആതിഥേയത്വം വഹിക്കുകയാണ്. പൂരങ്ങളുടെ മേളപ്പെരുക്കങ്ങൾ നിറയുന്ന പൂരനഗരിയിൽ സർഗ്ഗാത്മകതയുടെ പ്രകടനങ്ങൾ ജനുവരി 14 മുതൽ 18 വരെ കേൾക്കാം. ഏഷ്യയിലെ ഏറ്റവും വലിയ കൗമാര മഹോത്സവത്തെ നമ്മൾ അഭിമാനത്തോടെ ഏറ്റെടുക്കുന്നു. തൃശ്ശൂരിൽ നടന്ന കലോത്സവങ്ങളിലെ സംഘാടനമികവ് ആവർത്തിക്കാനുള്ള തയ്യാറെടുപ്പുകൾ പ്രോഗ്രാം കമ്മിറ്റി ഇത്തവണയും പൂർത്തിയാക്കിക്കഴിഞ്ഞു. 25 വേദികളിലായി 249 ഇനങ്ങളിൽ 15,000 കലാപ്രതിഭകളാണ് സാംസ്കാരിക നഗരിയിൽ കലയുടെ കുടമാറ്റത്തിനായി എത്തുന്നത്.

ഒരു മാസം മുമ്പു തന്നെ പ്രോഗ്രാം ഫിക്സ്ച്ചർ തയ്യാറാക്കി നൽകാനും പ്രവർത്തനങ്ങൾ മികവോടെ ആസൂത്രണം ചെയ്യാനും പ്രോഗ്രാം കമ്മറ്റിക്ക് കഴിഞ്ഞു. ഒഫീഷ്യലുകൾക്ക് കൃത്യതയാർന്ന പരിശീലനങ്ങൾ നൽകി. ആത്മവിശ്വാസത്തോടെ കുറ്റമറ്റ രീതിയിൽ കലോത്സവം നടത്തുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

അറിവും ആശയവും ആസ്വാദനവും അതിലുപരി മാനവസ്നേഹത്തിന്റെ ഊഷ്മളമായ വിനിമയവും നടക്കുന്ന കലോൽസവത്തിന് മാറ്റു കൂട്ടാൻ പ്രോഗ്രാം കമ്മിറ്റിയുടെ നേതൃത്വത്തിൽ നിരവധി അനുബന്ധ പരിപാടികളും സംഘടിപ്പിക്കാനായി. പതിനായിരത്തോളം കുട്ടികൾ അണിനിരന്ന ലഹരി വിരുദ്ധ പ്രതിരോധ ശൃംഖല അക്ഷരാർത്ഥത്തിൽ മതിലായി മാറി, 64ാമത് കേരള സ്കൂൾ കലോത്സവത്തെ വർണ്ണാഭമാക്കാൻ 64 കുട്ടികൾ അണിനിരക്കുന്ന കുടമാറ്റവും ഉദ്ഘാടന ചടങ്ങിന് മുമ്പ് ഇലഞ്ഞിത്തറ മേളവും ഒരുക്കിയിട്ടുണ്ട്. 25 വേദികൾക്കും വിവിധങ്ങളായ പൂക്കളുടെ പേരുകൾ നൽകുക മാത്രമല്ല , അവയെക്കുറിച്ചുള്ള അറിവു പകരുന്ന രീതിയിൽ ലഘു കുറിപ്പുകളും അതുമായി ബന്ധപ്പെട്ട പാട്ടുകളും വേദിയെ വ്യത്യസ്തമാക്കും. പ്രോഗ്രാം കമ്മിറ്റിയുടെ വാർത്താപത്രികയായ 'വനിക' കലോത്സവത്തിന്റെ നിറവും നാദവും താളവും ലയവുമായി ഏവർക്കും മനസ്സിൽ സൂക്ഷിക്കാം.

പൂർണ്ണമായും ഹരിത പ്രോട്ടോക്കോൾ പാലിക്കാനും പ്രകൃതിയോട് ചേർന്നുനിൽക്കാനും എല്ലാ പ്രവർത്തനങ്ങളിലും ശ്രദ്ധിക്കേണ്ടതുണ്ട്. സമയബന്ധിതമായും ചിട്ടയോടെയും മത്സരങ്ങൾ പൂർത്തിയാക്കാൻ എല്ലാ ടീം മാനേജർമാരുടേയും മത്സരാർത്ഥികളുടേയും പരിപൂർണ്ണമായ സഹകരണം നമുക്കാവശ്യമാണ്. 'കലോത്സവം ഉത്തരവാദിത്വത്തോടെ... സ്നേഹത്തോടെ...' എന്ന ആപ്തവാക്യം ഉയർത്തിപ്പിടിച്ചാണ് ഇത്തവണ നാം കലോത്സവം സംഘടിപ്പിക്കുന്നത്.

കലോത്സവചരിത്രത്തിലെ തിളക്കമാർന്ന ഒരു അധ്യായമായി തൃശൂർ കലോത്സവത്തെ മാറ്റാൻ നമുക്ക് ഒരുമിച്ച് നിൽക്കാം.

വരിക ...
കൗമാരകലാവസന്തം വർണ്ണാഭമാക്കാൻ..
കൂടെ ചേരുക...



**എം എ അരുൺകുമാർ**
കൺവീനർ, പ്രോഗ്രാം കമ്മിറ്റി

# കലോത്സവം ലൈവ്



**രാകേഷ് എൻ ആർ**
ഹയർ സെക്കണ്ടറി അധ്യാപകൻ
HSS പൂമല

കേരളത്തിൽ കലോത്സവകാലം വന്നാൽ സ്കൂളുകൾ പഠനകേന്ദ്രങ്ങളിൽ നിന്ന് 'സാംസ്കാരിക ട്രെയിനിങ് ക്യാമ്പുകളായി' മാറും. കുട്ടികൾ പുസ്തകങ്ങൾ ഒന്ന് മാറ്റി വച്ച് താളവും താളമേളവും ഓർത്തുപോകും. അധ്യാപകർ സിലബസ് നോക്കാതെ സ്റ്റേജ് അളവുകൾ നോക്കും. രക്ഷിതാക്കൾ ഹോംവർക്കിനേക്കാൾ റിഹേഴ്സൽ സമയത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകും. എന്നാൽ ഇന്നത്തെ കലോത്സവത്തിന് ഒരു പുതിയ അധ്യാപകനുണ്ട് സോഷ്യൽ മീഡിയ. ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂറ്റ്യൂബ്, വാട്സ്ആപ്പ് എന്നിവയാണ് ഇന്ന് കലോത്സവത്തിന്റെ 'പാഠപുസ്തകങ്ങളും പരീക്ഷാ ഹാളുകളും.'

ഒരു കാലത്ത് കലോത്സവം നേരിൽ കണ്ടാൽ മതി എന്നായിരുന്നു സ്ഥിതി. ഇന്ന് 'ലൈവ് ഉണ്ടോ?' എന്ന ചോദ്യം കേൾക്കാതെ ഒരു പരിപാടിയും തുടങ്ങില്ല. സ്റ്റേജിൽ മൈക്ക് ചെക്ക് നടക്കുമ്പോൾ ഗാലറിയിൽ ഫോണിന്റെ നെറ്റ് ചെക്കാണ് പ്രധാന ചടങ്ങ്. 'നെറ്റ് പോയോ?' എന്ന ചോദ്യം കേട്ടാൽ തന്നെ കലോത്സവത്തിന്റെ ഗൗരവം മനസ്സിലാകും. ലൈവ് ഇല്ലെങ്കിൽ ചിലർക്കു തോന്നും പരിപാടി നടന്നില്ലെന്ന്.

സോഷ്യൽ മീഡിയ കലോത്സവത്തിന് നല്ല കാര്യങ്ങൾ ഒരുപാട് നൽകിയിട്ടുണ്ട്. മുമ്പ് വേദിയിൽ ഇരുന്ന കുറച്ചു പേരുടെ കൈയ്യടി മാത്രമായിരുന്നു കുട്ടികളുടെ പ്രതിഫലം. ഇന്ന് ഒരു നല്ല പ്രകടനം ആയിരക്കണക്കിന് ആളുകൾ കാണുന്നു, ലൈക്ക് ചെയ്യുന്നു, ഷെയർ ചെയ്യുന്നു. ചില കുട്ടികൾക്ക് ട്രോഫി കിട്ടുന്നതിലും സന്തോഷം 'എന്റെ വീഡിയോ റീൽ ആയി' എന്ന വാർത്തയാണ്. ചില രക്ഷിതാക്കൾ പോയിന്റ് പട്ടിക നോക്കുന്നതിനു മുൻപ് ലൈക്ക് കൗണ്ട് നോക്കുന്ന കാലമാണിത്. 'ഫസ്റ്റ് കിട്ടിയില്ലെങ്കിലും വീഡിയോ ട്രെൻഡിങ്ങാണ്' എന്ന വാചകം ഇന്നത്തെ ആശ്വാസമന്ത്രമായി മാറിയിരിക്കുന്നു.

പക്ഷേ, തമാശയ്ക്ക് പിന്നിൽ ഒരു വലിയ ഗൗരവപ്രശ്നമുണ്ട്. ഇന്ന് കലയുടെ നിലവാരത്തേക്കാൾ ക്യാമറയുടെ നിലവാരമാണ് പലപ്പോഴും ചർച്ച. നല്ല നൃത്തം ചെയ്താൽ പോര, 4K വീഡിയോ വേണം. നല്ല പാട്ട് പാടിയാൽ പോര, എക്കോയും ബാക്ക്ഗ്രൗണ്ട് മ്യൂസിക്കും വേണം. ചില കുട്ടികൾ വേദിയിൽ കയറുമ്പോൾ ആദ്യം അന്വേഷിക്കുന്നത് വിധികർത്താക്കളെയല്ല, 'എന്റെ ക്യാമറ എവിടെയാണ്?' എന്നതാണ്. കലോത്സവം പതുക്കെ ഒരു സിനിമാ ഷൂട്ടിങ്ങായി മാറുന്ന കാഴ്ച തമാശയാണെങ്കിലും ചിന്തിക്കേണ്ടതാണ്.

സോഷ്യൽ മീഡിയയിലെ കമന്റ് ബോക്സ് മറ്റൊരു 'ഓപ്പൺ കോടതി' തന്നെയാണ്. 'കുട്ടി സൂപ്പർ,' 'ഭാവി കലാകാരി,' 'ഇത് കണ്ടിട്ട് എനിക്കും കരച്ചിൽ വന്നു' എന്നിങ്ങനെ നല്ല കമന്റുകൾ ഉണ്ടെങ്കിലും, 'ഇതിലും നല്ലത് ഞങ്ങളുടെ നാട്ടിലെ കുട്ടിയാണ്', 'വയസിനൊത്ത പ്രകടനം അല്ല,' 'വിധികർത്താക്കൾ ഉറങ്ങിയിരുന്നോ?' തുടങ്ങിയ വിമർശനങ്ങളും നിറയുന്നു. ഈ കമന്റുകൾ എഴുതുന്നവർക്ക് കലോത്സവ സ്റ്റേജിൽ കയറാൻ ഭയം കാണും, പക്ഷേ കമന്റ് ബോക്സിൽ അവർ ലോകപ്രശസ്ത നിരൂപകരാണ്. കുട്ടികൾ ഇത് വായിക്കുമ്പോൾ കലാപരിശീലനത്തേക്കാൾ 'മാനസിക പരിശീലനം' ആവശ്യമാണെന്ന് തോന്നും.

കൂടാതെ, കുട്ടികളുടെ സ്വകാര്യത സോഷ്യൽ മീഡിയയിൽ പലപ്പോഴും തമാശയല്ലാത്ത വിധം നഷ്ടപ്പെടുന്നു. സ്റ്റേജിൽ പിഴച്ചാൽ വീഡിയോ, കരഞ്ഞാൽ വീഡിയോ, ഫലം കേട്ട് നിരാശപ്പെട്ടാൽ വീഡിയോ. 'ഓർമ്മയ്ക്കായി' എന്ന പേരിൽ അപ്ലോഡ് ചെയ്യുന്ന ഈ ദൃശ്യങ്ങൾ കുട്ടി വലുതാകുമ്പോൾ അവർക്കൊരു വലിയ ഡിജിറ്റൽ ബാല്യകാല ആൽബമായി മാറും, അവർ ചോദിക്കാതെ തന്നെ. കലോത്സവം ഒരു പഠനാനുഭവമാകേണ്ടിടത്ത്, കുട്ടികൾ അറിയാതെ സോഷ്യൽ മീഡിയ കണ്ടന്റായി മാറുന്ന കാഴ്ച ഇവിടെ കാണാം.

സാങ്കേതിക അസമത്വവും ഇവിടെ തമാശയല്ല. നല്ല ക്യാമറയും എഡിറ്റിംഗ് സൗകര്യവും ഉള്ള സ്കൂളുകൾക്ക് കൂടുതൽ പ്രചാരം. സാധാരണ ഫോണുള്ള കുട്ടികളുടെ പ്രകടനം അത്ര വൈറൽ ആകില്ല. അങ്ങനെ കലോത്സവം 'പ്രതിഭയുടെ മത്സരം' എന്നതിൽ നിന്ന് 'ഡിവൈസുകളുടെ മത്സരം' എന്ന നിലയിലേക്കു മാറുന്നു. ചിലപ്പോൾ കുട്ടിയുടെ കഴിവിനേക്കാൾ അവരുടെ വീഡിയോ എത്ര മനോഹരമായി എഡിറ്റ് ചെയ്തിരിക്കുന്നു എന്നതാണ് വിജയത്തിന്റെ മാനദണ്ഡമാകുന്നത്.

അവസാനമായി പറഞ്ഞാൽ, സോഷ്യൽ മീഡിയ ഇല്ലാതെ ഇന്നത്തെ കലോത്സവം ചിന്തിക്കാനാവില്ല. അത് കലോത്സവത്തെ കൂടുതൽ ജനകീയവും ദൃശ്യമാനവുമാക്കിയിട്ടുണ്ട്. എന്നാൽ സോഷ്യൽ മീഡിയയ്ക്ക് കലോത്സവത്തിൽ ആരോഗ്യകരമായ (സ്വയ)നിയന്ത്രണം കൂടി വേണം. കലോത്സവം സോഷ്യൽ മീഡിയയുടെ അടിമയാകരുത്. കലോത്സവം കുട്ടികൾക്ക് കല പഠിക്കാനും ആസ്വദിക്കാനും ഉള്ള വേദിയാണ്, വൈറൽ ആകാൻ വേണ്ടിയുള്ള പരീക്ഷയല്ല.

ഇത് നമ്മൾ മറന്നാൽ, നാളെ കലോത്സവത്തിൽ വിധികർത്താക്കൾക്കു പകരം 'ലൈക്ക് ബട്ടൺ,' 'ഷെയർ ബട്ടൺ,' 'വ്യൂ കൗണ്ട്' എന്നിവ വേദിയിൽ ഇരിക്കുന്നതുകണ്ടാലും അതിശയിക്കേണ്ടി വരില്ല. അന്ന് കലോത്സവത്തിന് പോയിന്റ് അല്ല, ട്രെൻഡിങ് ലിസ്റ്റ് ആയിരിക്കും പ്രധാന ഫലം..!

64-ാമത് കേരള സ്കൂൾ
കലോത്സവം
2026 ജനുവരി 14 - 18 • തൃശ്ശൂർ



**വി.ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും
വകുപ്പ് മന്ത്രി

## കലയുടെ വസന്തോത്സവത്തിന് അക്ഷരപ്പൂക്കൾ

നമ്മുടെ വിദ്യാലയ മുറ്റത്തെ വസന്തോത്സവമായ കലോത്സവത്തിന് കൊടിയേറുമ്പോൾ, അതിന് കൂടുതൽ മിഴിവേകാൻ 'വനിക' എന്ന പേരിൽ ഒരു വാർത്താപത്രിക പുറത്തിറങ്ങുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. കലോത്സവങ്ങൾ കേവലം മത്സരവേദികൾ മാത്രമല്ല, അത് സർഗ്ഗാത്മകതയുടെയും സൗഹൃദത്തിന്റെയും വലിയൊരു കൂടിച്ചേരലാണ്. വേദിയിലെത്തുന്ന കലാരൂപങ്ങളെപ്പോലെ തന്നെ പ്രധാനമാണ് അവയെക്കുറിച്ചുള്ള അറിവുകളും ചിന്തകളും. മൂന്ന് ലക്കങ്ങളിലായി ഇറങ്ങുന്ന 'വനിക' കലോത്സവത്തിന്റെ സ്പന്ദനങ്ങൾ ഒപ്പിയെടുക്കാനും, കലയെക്കുറിച്ചുള്ള ഗൗരവമായ ചിന്തകൾ പങ്കുവെക്കാനും വേദിയാകട്ടെ. കലയും സാഹിത്യവും കൈകോർക്കുന്ന ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിക്കുന്ന പ്രോഗ്രാം കമ്മിറ്റിക്കും, കലോത്സവത്തിൽമാറ്റുരയ്ക്കുന്ന എല്ലാ പ്രതിഭകൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. വനിക കലോത്സവ ചരിത്രത്തിലെ ഒരു നല്ല ഏടായി മാറട്ടെ.



**കെ.രാജൻ**
ബഹു. റവന്യൂ,
ഭവനനിർമ്മാണ
വകുപ്പ് മന്ത്രി

## ആശംസകൾ

തൃശൂരിൽ നടക്കുന്ന 64-ാം സാംസ്ഥന സ്കൂൾ കലോത്സവുമായി ബന്ധപ്പെട്ട് കലോത്സവ പ്രോഗ്രാം കമ്മിറ്റി കലോത്സവ സംബന്ധികളായ വാർത്തകളും, അനുഭവങ്ങളും, ലേഖനങ്ങളും അടങ്ങിയ 'വനിക' എന്ന വാർത്ത പത്രിക ഇറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷി ക്കുന്നു. തൃശൂരിലെ കലോത്സവ ഉദ്യാനത്തിലേ യ്ക്ക് സർഗ്ഗവാസനകളുടെ വർണ്ണ താളം കൂടി ഉൾച്ചേരുമ്പോൾ കലാപൂരപ്പെരുമ വാനോളമുയരും. 'വനിക'യ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

# കലോത്സവ വേദിയിലെ ഉൾച്ചേർക്കൽ

**വിജീഷ് ലാൽ,** എച്ച്എസ്എസ്ടി കോമേഴ്സ്
ജിഎച്ച്എസ്എസ് വിജയരാഗവപുരം



ദശകങ്ങളായി വരേണ്യശാസ്ത്രീയ കലകൾക്ക് മാത്രം മുൻഗണന നൽകിയിരുന്ന കേരളത്തിന്റെ കൗമാര കലോത്സവ വേദികളിലേക്ക് അഞ്ച് ഗോത്രകലകളെ മത്സരയിനങ്ങളായി ഉൾപ്പെടുത്തിയത്, കലയിലെ ഇൻക്ലൂസീവ്നെസ്സ് (Inclusivity) അഥവാ ഉൾക്കൊള്ളൽ എന്ന ആശയത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ വിപ്ലവകരമായ ഒരു ചുവടുവെപ്പാണ്. ഗോത്രകലകൾ യുവജനോത്സവ വേദിയിൽ ഉൾപ്പെടുത്തൽ.

ഗോത്രകലകൾ മത്സരയിനങ്ങളായി ഉൾപ്പെടുത്തിയത് വെറുമൊരു ചടങ്ങായി കാണാൻ കഴിയില്ല, മറിച്ച് നൂറ്റാണ്ടുകളായി പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ സംസ്കാരത്തിന് ലഭിച്ച ഔദ്യോഗിക അംഗീകാരമാണ്. മംഗലംകളി, പണിയ നൃത്തം, ഇരുള നൃത്തം, പളിയ നൃത്തം, മലപ്പുലയ ആട്ടം എന്നീ രൂപങ്ങൾ ആണ് ഇപ്പോൾ മത്സരയിനങ്ങളിൽ ഉള്ളത്

### വിവേചനത്തിന്റെ അതിർവരമ്പുകൾ മായുന്നു

ഇൻക്ലൂസീവ് ആർട്ട് (Inclusive Art) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് കല എല്ലാവരുടേതുമാണ് എന്നതാണ്. ഇൻക്ലൂസിവ് ആർട്ട് (Inclusive Art) അല്ലെങ്കിൽ ഉൾക്കൊള്ളുന്ന കല എന്നത് ശാരീരികമോ മാനസികമോ സാമൂഹികമോ ആയ വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെ എല്ലാവർക്കും കലയിൽ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു രീതിയാണ്. ജാതി, മതം, ലിംഗഭേദം, സാമ്പത്തികാവസ്ഥ അല്ലെങ്കിൽ വൈകല്യങ്ങൾ എന്നിവ പരിഗണിക്കാതെ എല്ലാ മനുഷ്യരെയും കലയുടെ ഭാഗമാക്കുന്നതിനെയാണ് ഇത് അർത്ഥമാക്കുന്നത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അനുഭവങ്ങളും കഥകളും കലാരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നത് ഇൻക്ലൂസീവ് ആർട്ടിന്റെ ഭാഗമാണ്.

സ്കൂൾ കലോത്സവ വേദികളിൽ നിരന്തരമായി കണ്ടുവരുന്ന കലകളുടെ ഒപ്പം കാട്ടറിവിന്റെ ഗോത്രകലകൾ ഉൾപെടുത്തുക എന്ന ചരിത്രപരമായ ഇടപെടൽ, കലയിലെ ഉൾച്ചേർച്ചക്ക് വഴിയൊരുക്കിയ ഒരു മുന്നേറ്റമാണ്.

വർഷങ്ങളായി പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരെയും അവരുടെ കലകളെയും തിരിച്ചറിയാൻ ഉതകുന്ന ഒരു തീരുമാനമായി മാറുന്നത് നമ്മൾക്ക് കാണാൻ കഴിയും.

സമത്വബോധം എന്ന ചിന്ത സമൂഹത്തിൽ വളർത്താൻ ഇത്തരം കലകളുടെ ഉൾപ്പെടുത്തൽ സഹായിക്കുന്നു.കാസർകോട് മുതൽ ഇടുക്കി വരെയുള്ള മലനിരകളിൽ നിന്നും ഗോത്രതാളങ്ങൾ വേദിയിലെത്തിയപ്പോൾ ആധുനിക കലയും തനത് കലയും തമ്മിലുള്ള അകലം ഇല്ലാതാകാൻ ഒരു പരിധി വരെ നമ്മെ സഹായിക്കും .

### സ്വത്വത്തിന്റെ ആഘോഷം

ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് തങ്ങളുടെ പാരമ്പര്യ കലകൾ അവതരിപ്പിക്കാൻ ഒരു വലിയ വേദി ലഭിച്ചത് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. കണ്ണൂരിലെയും കാസർകോട്ടെയും മാവിലർ, മലവേട്ടുവർ സമുദായങ്ങളുടെ മംഗലംകളിയും, വയനാട്ടിലെ പണിയ വിഭാഗക്കാരുടെ പണിയ നൃത്തവും ഒക്കെ സ്കൂൾ കലോത്സവത്തിന്റെ ഭാഗമായത് ഈ കലകളുടെ സംരക്ഷണത്തിനും സഹായിക്കുന്നു. ഇത് കേവലം മത്സരമല്ല, മറിച്ച് ഓരോ ഗോത്രത്തിന്റെയും സ്വത്വം ഉറക്കെ പ്രഖ്യാപിക്കാനുള്ള അവസരമാണ്.

### സാമൂഹികമായ ഉൾച്ചേർക്കൽ (Social Inclusion)

ഇൻക്ലൂസീവ്നെസ്സ് എന്നത് കലയിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. ഗോത്രകലകൾ പഠിക്കാനും അവതരിപ്പിക്കാനും ഇതര വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികളും മുന്നോട്ട് വരുമ്പോൾ അത് വലിയൊരു സാമൂഹിക മാറ്റത്തിന് വഴിയൊരുക്കുന്നു. ഗോത്ര വിഭാഗങ്ങളുടെ ജീവിതരീതിയും പ്രകൃതിയുമായുള്ള അവരുടെ ബന്ധവും കലയിലൂടെ മനസ്സിലാക്കാൻ ഇത് മറ്റു വിദ്യാർത്ഥികളെ സഹായിക്കുന്നു. വിവേചനമില്ലാത്ത ഒരു തലമുറയെ വളർത്തിയെടുക്കാൻ ഇത്തരം സംരംഭങ്ങൾ അത്യാവശ്യമാണ്.

### കലയിലെ തുല്യനീതി

യുവജനോത്സവ വേദികളിൽ ഗോത്രകലകൾക്ക് നൽകിയ ഈ ഇടം ഇൻക്ലൂസീവ് ആർട്ടിന്റെ മൂന്ന് തലങ്ങളെ പൂർത്തികരിക്കുന്നു:

* അവസരം (Access): തനത് കലാകാരന്മാർക്ക് വലിയൊരു വേദി നൽകി.

* പ്രാതിനിധ്യം (Representation): ഗോത്ര സംസ്കാരത്തെ സാംസ്കാരിക ഭൂപടത്തിൽ അടയാളപ്പെടുത്തി.

* സമത്വം (Equality) : എല്ലാ കലാരൂപങ്ങൾക്കും തുല്യമായ ബഹുമതിയും നൽകാൻ ഉള്ള മനസ്സൊരുക്കത്തിന് സഹായിക്കുന്നു.

ഇരുള നൃത്തം (ഇരുളക്കുത്ത്)

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ നിവസിക്കുന്ന ഗോത്രവിഭാഗക്കാരായ ഇരുളരുടെ പരമ്പരാഗത നൃത്തരൂപമാണിത്. കൃഷിയോടനുബന്ധിച്ചും ജനനം, പ്രായപൂർത്തിയാകൽ, വിവാഹം, മരണം, ആഘോഷങ്ങൾ എന്നിവയോടനുബന്ധിച്ചുമെല്ലാം ഇവർ നൃത്തം ആടുന്നു. കൃഷിയുമായി ബന്ധപ്പെട്ട ആഹ്ലാദനൃത്തം 'കുരുമ്പലം'എന്ന് അറിയപ്പെടുന്നു. ഓരോ അവസരത്തിനും സന്ദർഭത്തിനനുസരിച്ച് വ്യത്യസ്തയിനം പാട്ടുകളുണ്ട്. തെക്കുമല, വള്ളിവള്ളി, ദുൻപാട്ട് എന്നിവ ഇതിൽ ചിലതാണ്. തമിഴ് വാക്കുകളേറിയ ഇരുളഭാഷയിലെ പാട്ടിനൊപ്പം ദവിൽ, പൊറെയ്, പിക്കി, ജാലറ എന്നീ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

### മലപ്പുലയ ആട്ടം

ഇടുക്കി ജില്ലയിലെ മലപ്പുലയൻ വിഭാഗക്കാരുടെ പരമ്പരാഗത നൃത്തരൂപമാണ് ആട്ടം. പുരുഷൻമാരും സ്ത്രീകളും ഒരുമിച്ച് മലപുലയ ആട്ടം ആടുന്നത്. വിശേഷ ദിവസങ്ങൾ ആഹ്ലാദകരമാക്കുവാനാണ് പ്രധാനമായും ഈ നൃത്തം അവതരിപ്പിച്ചിരുന്നത്. കിടിമുട്ടി. ഉറുമി തുടങ്ങിയ വാദ്യോപകരണങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കുന്ന ഈ നൃത്തത്തിൽ പാട്ടുകൾ പാടുന്നില്ല. താളവാദ്യങ്ങളുടെ അകമ്പടിയോടുകൂടി മാത്രമാണ് ആട്ടം അവതരിപ്പിക്കുന്നത്. പാട്ടില്ലാതെ ഉപകരണതാളത്തിനനുസരിച്ച് ചുവടുകൾ വെയ്ക്കുന്നു. താളത്തിനനുസരിച്ച് കൈകൊട്ടിയും ശരീരം വേഗത്തിൽ ചലിപ്പിച്ചും ശരീരം ആഞ്ഞും ഉറച്ച കാലുകളോടെ നൃത്തം ചെയ്യുന്നു. ചിലപ്പോൾ കോൽ തട്ടിയും നൃത്തം ചെയ്യാറുണ്ട്. ആദ്യകാലത്തെ ഇല, മരത്തോൽ എന്നീ പരമ്പരാഗത വേഷങ്ങൾക്ക് പകരം തലക്കെട്ട്, മുണ്ട്, ബനിയൻ എന്നിവ പുരുഷൻമാർ വേഷമായി ധരിക്കുന്നു. ഒറ്റച്ചേലകൊണ്ടുള്ള കുറകെട്ടാണ് സ്ത്രീകളുടെ വേഷം.

### പളിയ നൃത്തം

ഇടുക്കി ജില്ലയിലെ കുമിളിയിൽ താമസിക്കുന്ന പളിയ ഗോത്രവിഭാഗത്തിന്റെ തനത് നൃത്തകലാരൂപമാണിത്. സ്ത്രീകളും പുരുഷൻമാരും ഒത്തു ചേർന്ന് ആടുന്ന ഈ നൃത്തം പളിയരുടെ അമ്മദൈവമായ എളാത്ത് പളിച്ചിയമ്മയെ സ്തുതിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. പ്രകൃതിയെ ആരാധിച്ചു വരുത്തുവാനും കൃഷിയെ രക്ഷിക്കാനായും കൃഷി നശിപ്പിക്കുന്ന ദുഷ്ടന്മാരെ നശിപ്പിക്കാനും രോഗത്തിൽ നിന്നും ശാന്തി ലഭിക്കുവാനും പ്രാർത്ഥനാപൂർവ്വം പളിയർ നൃത്തം ആടുന്നു. കാട്ടിലെ എളാത്തു പളിച്ചിയമ്മ സ്ഥാനത്ത് നിന്ന് പൂജ ചെയ്ത മണ്ണുകൊണ്ടുവന്നു മാരിയമ്മയമ്പലത്തിൽ സമർപ്പിച്ചാണ് പളിയ നൃത്തം ആരംഭിക്കുന്നത്. കാട്ടിലും കോവിലിലും വെച്ചു തെളിഞ്ഞ ഭക്തിയോടെ ഇവർ പളിയ നൃത്തമാടുന്നു. മനോഹരമായ ഭാഷാപ്പാട്ടുകളോടൊപ്പം കൂട്ടുപകരണങ്ങളായി നഗാര, ഉറുമി, ഉടുക്ക്, മുളംചെ, ജലങ്ക, ജാലറൈ എന്നിവ ഉപയോഗിക്കുന്നു. ആദ്യകാലത്ത് ഇഞ്ചകൊണ്ടും തൊപ്പിമരം ചതച്ചും കൊണ്ടുമുള്ള വസ്ത്രങ്ങളും രാമക്കല്ലുമുഖത്തെഴുതുകയും തേക്കുനീരാൽ ചുവപ്പു നിറം ഉണ്ടാക്കുകയും ചെയ്തിരുന്നു. ചടുലവും വേഗവുമായ കൈകാൽ ചലനങ്ങൾ പളിയ നൃത്തത്തെ അത്യാകർഷകമാക്കുന്നു.

### മംഗലം കളി (മങ്ങലം കളി )

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ ഗോത്രവിഭാഗക്കാരായ മാവിലൻ, മലവേട്ടുവൻ സമുദായങ്ങൾ മംഗളകർമ്മങ്ങളുടെ സമയത്ത് നടത്തിവരുന്ന നൃത്തമാണിത്. കല്യാണക്കളി എന്നും ഇത് അറിയപ്പെടുന്നു. വൃത്താകൃതിയിൽ നിന്നും സ്ത്രീകളും പുരുഷന്മാരും ചുവടുവെച്ച്, വട്ടം തിരിഞ്ഞ് നൃത്തം ചെയ്യുന്നു. തുളുഭാഷ ഏറിയ മാവിലഭാഷയിലെ മങ്ങലംകളിപ്പാട്ടുകൾ മനോഹരവും കഥയുള്ളതുമാണ്. ഓരോ പാട്ടിലും ഗോത്രവർഗ്ഗ ജീവിതത്തിന്റെ യഥാർത്ഥ പരിസരവും ദുഖവും സന്തോഷവും നിത്യജീവിതരാഗങ്ങളും കാണാം. തുടിയാണ് പ്രധാന വാദ്യോപകരണം. തങ്ങളുടെ ജന്മിമാരോടുള്ള വിധേയത്വം കാണിക്കുവാൻ വിവാഹസന്ദർഭത്തിൽ വധുവുമൊത്ത് ജന്മിയുടെ വീട്ടിലെത്തി മംഗലംകളി നടത്തുന്നു. കളിക്കുശേഷം ആ വിവാഹത്തിനു ജന്മി അംഗീകാരം നൽകുന്നു. മാവിലരുടെ പരമ്പരാഗത വസ്ത്രമായ കുണ്ടാച്ചും കല്ലുമാലയും പാളത്തൊപ്പിയും ധരിച്ചാണ് മംഗലംകളി നടത്തുന്നത്.

### പണിയനൃത്തം (വട്ടക്കളി, കമ്പളക്കളി)

വയനാട് ജില്ലയിലെ പണിയ വിഭാഗക്കാരുടെ തനത് കലാരൂപങ്ങളാണ് വട്ടക്കളിയും കമ്പളക്കളിയും. വൃത്താകൃതിയിൽ നിന്നുകൊണ്ട് ചുവടുവയ്ക്കുന്നതിനാലാണ് വട്ടക്കളിക്ക് ആ പേര് വന്നത്. വിശേഷ അവസരങ്ങളിലും

## കലോത്സവ വേദിയിലെ ഉൾച്ചേർക്കൽ – തുടർച്ച...

ഒഴിവു സമയങ്ങളിലും പണിയ കുടിലുകളിൽ വട്ടക്കളി അവതരിപ്പിക്കപ്പെടാറുണ്ട്. മൂന്നു പുരുഷൻമാർ ചേർന്ന് കൊട്ടുന്ന തുടിയുടെ താളത്തിൽ സ്ത്രീകൾ ചുവടു വെക്കുന്നതാണ് ഇതിന്റെ രീതി. ചീനി ഊത്തിൽ വിദഗ്ധനായ മറ്റൊരാളും ഉണ്ടായിരിക്കും. മരണാനന്തര ചടങ്ങുകളിൽ ഒഴികെ മറ്റവസരങ്ങളിൽ സ്ത്രീകളാണ് വട്ടക്കളി കളിക്കാറുള്ളത്. കളിയുടെ സമയത്ത് സ്ത്രീകൾ നിരവധി പാട്ടുകൾ പാടാറുണ്ട്. കുഴലൂത്തുകാരനെയോ തുടികൊട്ടുന്നയാളെയോ അല്ലെങ്കിൽ കൂടെ കളിക്കുന്ന മറ്റൊരു സ്ത്രീയെയോ കളിയാക്കിയുള്ള പാട്ടുകളായിരിക്കും മിക്കവയും. വീടുകളിൽ മാത്രം കളിച്ചിരുന്ന വട്ടക്കളി ഇന്ന് വേദികളിൽ അവതരിപ്പിക്കുന്നുണ്ട്.  കുഴലൂത്തുകാരനെയോ തുടികൊട്ടുന്നയാളെയോ അല്ലെങ്കിൽ കൂടെ കളിക്കുന്ന മറ്റൊരു സ്ത്രീയെയോ കളിയാക്കിയുള്ള പാട്ടുകളായിരിക്കും മിക്കവയും. വീടുകളിൽ മാത്രം കളിച്ചിരുന്ന വട്ടക്കളി ഇന്ന് വേദികളിൽ അവതരിപ്പിക്കുന്നുണ്ട്.

വയൽപണി (കമ്പളം) സമയത്ത് അവതരിപ്പിച്ചിരുന്ന നൃത്തരൂപമാണ് കമ്പള കളി . ഞാറ് പറിക്കുമ്പോഴും നടുമ്പോഴും പുരുഷൻമാർ കൊട്ടുന്ന തുടിയുടെ താളത്തിൽ സ്ത്രീകൾ ജോലി ചെയ്യുന്നു. തുടിയുടെയും ചീനിയുടെയും ശബ്ദം സ്ത്രീകൾക്ക് കുടുതൽ ഊർജ്ജം നൽകുകയും ജോലി കൂടുതൽ ആയാസരഹിത മാക്കുകയും ചെയ്യുന്നു. പണിയരെ പണിയെടുപ്പിക്കുന്നതിന് ജന്മിമാർ ഈ മാർഗ്ഗം ഉപയോഗിച്ചിരുന്നു. ഒറ്റ ദിവസം കൊണ്ട് മൂന്നും നാലും വയലുകൾ ഈ രീതിയിൽ നട്ടുതീർക്കാറുണ്ട്. ജന്മിത്ത സമ്പ്രദായം അവസാനിച്ചതുകൊണ്ടും നാട്ടിൽപ്പണി കുറഞ്ഞതുകൊണ്ടും തന്നെ കമ്പളകളി ഇന്ന് വയലുകളിൽ അവതിരിപ്പിക്കേണ്ടി വരാറില്ല. കമ്പളക്കളിയിലെ പാട്ടുകൾ തുടി കൊട്ടുകാരനെയോ കുഴലൂത്തുകാരനെയോ കളിയാക്കിയുള്ളവയാണ്.

വീടുകളിലും വയലുകളിലും കളിക്കുന്നതുകൊണ്ടുതന്നെ വട്ടക്കളിക്കും കമ്പളകളിക്കും പ്രത്യേകിച്ച് വേഷമില്ല. എങ്കിലും ഈ കലാരൂപങ്ങൾ വേദികളിൽ അവതരിപ്പിക്കുന്ന അവസരത്തിൽ പരമ്പരാഗത വേഷവും ആഭരണങ്ങളുമാണ് ഉപയോഗിക്കുന്നത്. നീളം കൂടിയ ചേല ശരീരത്തിൽ ചുറ്റി അതിന്റെ രണ്ടറ്റങ്ങൾ മുന്നിലൂടെയും പിന്നിലൂടെയും എടുത്ത് വലതുവശത്ത് നെഞ്ചിന്റെ മുകളിലായി കെട്ടുന്നതാണ് സ്ത്രീകളുടെ വേഷം, അരയിൽകെട്ടുന്ന തുണിയാണ് 'അരാട്ടി', കറുപ്പും ചുവപ്പും നിറത്തിലുള്ള അരാട്ടികൾ ധരിക്കാറുണ്ട്. വാട്ടിച്ചുരുട്ടിയെടുത്ത മാല, കുന്നിക്കുരുകൊണ്ട് നിർമ്മിച്ച ചൂതുമണി, മുരുളെ എന്നിവ കാതിലണിയുന്ന ആഭരണങ്ങളാണ്. കഴുത്തിലണിയുന്ന മുടെചുളു, കുറിക്കല്ലെ, നാണയതുട്ടുകൾ ചേർത്ത് കെട്ടുന്ന ബള്ളികല്ലെ, താലിക്കല്ലെ എന്നിവയും ധരിക്കാറുണ്ട്. മുണ്ടാണ് പുരുഷൻമാരുടെ വേഷം.

കല എന്നത് ജനമനസ്സുകളെ ബന്ധിപ്പിക്കുന്ന കണ്ണിയാണ്. ഗോത്രകലകൾ സ്കൂൾ കലോത്സവത്തിൽ മത്സരയിനങ്ങളായതോടെ 'ഉൾക്കൊള്ളൽ' (Inclusivity) എന്ന സങ്കല്പം യഥാർത്ഥത്തിൽ നടപ്പിലാക്കപ്പെട്ടു. കാടിന്റെയും പ്രകൃതിയുടെയും താളങ്ങൾ നഗരത്തിലെ വേദികളിൽ മുഴങ്ങുമ്പോൾ അത് കേരളത്തിന്റെ സാംസ്കാരിക ബോധത്തിന് പുതിയൊരു വെളിച്ചം നൽകുന്നു. കലയുടെ ലോകത്ത് ആരും പുറത്തല്ല എന്ന സന്ദേശമാണ് ഇതിലൂടെ നമ്മൾ ലോകത്തിന് നൽകുന്നത്. എല്ലാ കലകളും എല്ലാ കുട്ടികളും ഏറ്റെടുക്കട്ടെ ..! അവരിലാണ് നമ്മുടെ പ്രതീക്ഷ... അവരാണ് നമ്മുടെ കലയുടെയും നാടിന്റെയും കാവലാളുകൾ.

---

# സ്കൂൾകലോത്സവം എന്ന വിസ്മയം

**ഡോ. എം.എൻ. വിനയകുമാർ**

ഇപ്പോൾ ഉൽഘാടന  സമാപന സമ്മേളനങ്ങൾക്ക് വേദിയായി മാറിയിട്ടുള്ള അതേ ഇടത്തു തന്നെയാണ് 1978 ലും സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമാപന സമ്മേളനവും സമ്മാനദാനവും നടന്നത്. പക്ഷേ വെറും തുടർച്ചയായി നമുക്കതിനെ കാണാൻ കഴിയില്ല. വിസ്മയങ്ങളുടെ മേളയാണിത്. ഓരോ ഇനത്തിലും ഓരോ വർഷത്തിലും വിസ്മയങ്ങൾ സൃഷ്ടിയ്ക്കപ്പെടുന്നുണ്ട്. 94 ലെ കോഴിക്കോട് കലോത്സവത്തിൽ സമാപന സമ്മേളനം നടന്നത് നിശ്ചയിച്ചതിലും ആറുമണിക്കൂർ വൈകിയാണ്. എങ്കിലും ജനം നിരാശരാവുകയോ പിരിഞ്ഞു പോവുകയോ ചെയ്യാതിരുന്നതിന് ഒരേയൊരു കാരണമേയുള്ളൂ.വിസ്മയക്കാഴ്ചകൾക്കായുള്ള പ്രതീക്ഷ മാത്രം.

78 ലെ സമാപനം. മുഖ്യമന്ത്രി എ.കെ.ആന്റണി വേദിയിലുണ്ട്. ലളിത ഗാനത്തിന് ഒന്നാം സ്ഥാനം നേടിയ കുട്ടിയെ പാട്ടുപാടുന്നതിനായി വേദിയിലേക്ക് ക്ഷണിച്ചു. പാട്ടു കഴിഞ്ഞ് തിരിച്ചു നടക്കാൻ തുടങ്ങിയപ്പോൾ ഒരു പാട്ടു കൂടി പാടാൻ മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

'ഒരു പാട്ടുപാടുവാൻ വന്നവൾ ഞാൻ ഒരായിരം പാട്ടുപാടിയാലോ?'

എന്ന ആദ്യവരി പാടിയപ്പോൾ സദസ്സ് ആഹ്ളാദം കൊണ്ട് പൊട്ടിത്തെറിച്ചു. മുഖ്യമന്ത്രി ഉൾപ്പെടെ വേദിയിലുള്ളവരെല്ലാം സദസ്സിന്റെ ചിരിയിൽ പങ്കാളികളായി.

പിൽക്കാലത്ത് പ്രസിദ്ധ ചലച്ചിത്രപിന്നണി ഗായികയായി മാറിയ കെ.എസ്. ചിത്രയായിരുന്നു ആ പാട്ടുകാരി. സംസ്ഥാന സ്കൂൾ കലോത്സവം എന്റെ മനസ്സിൽ കൊരുത്തിട്ട ആദ്യ വിസ്മയം ഇതായിരുന്നു. ഒരു വാനമ്പാടിയുടെ പിറവി നേരിട്ടു കാണുകയെന്നത് ഭാഗ്യമാണല്ലോ.

സർഗ്ഗശക്തിയുടെ മഹാലോകം തുറന്നിട്ട് റിസൽട്ട് കാക്കാതെ, അഥവാ താൻ സൃഷ്ടിക്കുന്ന റിസൽട്ടിന്റെ ആഴവും പരപ്പുമറിയാതെ തിരിച്ചു പോകുന്ന കുട്ടികൾ. അവരിലൊരാൾ കുടഞ്ഞിട്ട ചായത്തിന്റെ ഒരു  ചതുരം അര നൂറ്റാണ്ടിനിപ്പുറവും സൂക്ഷിക്കുന്ന സ്കൂൾ. ഏതെല്ലാം നഗരങ്ങളിൽ ഏതേതെല്ലാം ഗ്രാമങ്ങളിൽ ഇങ്ങനെ കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ നിന്നടർന്നു വീണ കലയുടെ ചേലുകൾ അളുക്കളുക്കായി ഇരിക്കുന്നു.

നിഷ്കളങ്കതയോടെ പാടി നിർത്തുന്ന പാട്ടിന്റെ ആദ്യത്തേയും അവസാനത്തേയും വരികൾ, ചിലയിടത്ത് എല്ലാ വരികളും,  എന്നേക്കുമായി ആർക്കോവേണ്ടി ഭൂമി കാത്തുവയ്ക്കുന്നു.

ചെണ്ടയുടേയോ മദ്ദളത്തിന്റേയോ വായ്ത്താരികൾ. കർണ്ണശപഥത്തിലെയോ നളചരിതത്തിലെയോ ഒരു ശ്ലോകം. മുഴുവനറിയാത്തവർക്കും അതൊക്കെ അവിടെയുണ്ടെന്ന സമാധാനം. പ്രപഞ്ചഘടനയെ പഴയതു പോലെ നിലനിർത്തുന്നതിലും പുതുക്കിയെടുക്കുന്നതിലും ഈ കാണാക്കാഴ്ചകൾക്കും പങ്കുണ്ടാവാം.

സമ്മാനം കിട്ടിയാലുമില്ലെങ്കിലും ഗൃഹാതുരതയോടെ, സൈഡ് സീറ്റു കിട്ടിയാൽ അതിന്റെ ചെറിയ ആഹ്ളാദത്തോടെ നാട്ടിലേക്കുള്ള ബസ്സിൽ തിരിച്ചു പോകുന്ന ബാലികാബാലന്മാർ ജീവിതകാലം മുഴുവൻ ഓർത്തുവയ്ക്കുന്ന പാട്ടിൻ മുനമ്പുകൾ.

മത്സരത്തിന് പുറത്ത് മൈതാനത്ത് വട്ടമിട്ടിരുന്ന് 'അപ്പോഴും പറഞ്ഞില്ലേ, പോരണ്ടാ പോരണ്ടാന്ന്'

എന്ന് ഉച്ചത്തിൽ പാടി ഹൃദയത്തിലെ നിരാശയുടെ പൊടിപ്പുകൾ തൂത്തുകളയുന്ന കുമാരന്മാർ.

കാണികളും ആരവവുമില്ലാതെ, താളം പിടിക്കുന്നവരില്ലാതെ മനസ്സിൽ ആവാഹിച്ചു കൊണ്ടു വന്ന തായമ്പകയുടെ ഊക്ക് പുറത്തെടുക്കാനാവാത്തവൻ, വഴുതി നീങ്ങിയ

ചെമ്പക്കൂറിനെ തിരിച്ചു പിടിക്കാനാവാതെ വിതുമ്പുന്നതിന്റെ ഓർമ്മയും അര നൂറ്റാണ്ടിനപ്പുറത്തു നിന്ന് പാളിനോക്കുന്നു. സർഗ്ഗാത്മകത മുറ്റി നിൽക്കുന്ന കലോത്സവ നിമിഷങ്ങളും സർഗ്ഗാത്മകതയിൽ വീഴുന്ന ചെറിയ മുറിവുകളുമുണ്ട്.

ഇതേ കാര്യങ്ങൾ തന്നെ അല്പം കൂടെ തെളിച്ചു പറയാം.

അനങ്ങനടി സ്കൂളിൽ ശശി എന്നൊരു കുറുമ്പൻ കുട്ടിയുണ്ടായിരുന്നു. അവനെ പലപ്പോഴും അസംബ്ലിയിലേക്ക് വിളിച്ചു കേറ്റേണ്ടി വന്നിട്ടുണ്ട്. അനുമോദിക്കാനല്ല. ഓരോ കുരുത്തക്കേടിനും പരസ്യമായി ശിക്ഷിക്കാൻ.

സ്കൂളിൽ നിന്ന് ഒളിച്ചോടുന്നതിനുള്ള പല പദ്ധതികളും അവന്റെ മനസ്സിൽ രൂപം കൊണ്ടിരുന്നു. അവയിലൊന്ന് ഉടനെ നടപ്പിലാവുമെന്നു തന്നെ അവൻ എപ്പോഴും കരുതി. അക്കാലത്ത് സംസ്ഥാന കലോത്സവം പാലക്കാട് നഗരത്തിൽ വന്നുചേർന്നു.



അനങ്ങനടി സ്കൂളിൽ നിന്ന് ശശി എന്ന കുറുമ്പൻ കുട്ടി മാത്രം കലോത്സവത്തിന് യോഗ്യത നേടുന്നു. ഒരുമിച്ച് മൂന്നു സിനിമ കാണാനുള്ള പദ്ധതിയുമായി അവൻ പാലക്കാട്ടേക്ക് ബസ്സ് കേറുന്നു. വട്ടം പിടിക്കാനും ഇലത്താളത്തിനുമൊക്കെയുള്ളവരെ അച്ഛൻ അങ്ങോട്ടയച്ചു. ഇങ്ങനെ അനുസാരിവാദ്യത്തിന് പ്രായഭേദമില്ലാതെ ആരെയും സംഘത്തിൽ ഉൾപ്പെടുത്താൻ അന്ന് അനുവാദമുണ്ട്.

ഒന്നുകിൽ സിനിമ അല്ലെങ്കിൽ സ്കൂളിലേക്കു തിരിച്ചുവരാത്ത വിധം ഒളിച്ചോട്ടം എന്നല്ലാതെ കൊട്ടിനെപ്പറ്റിയും മത്സരത്തെപ്പറ്റിയും അവൻ വേവലാതിപ്പെട്ടില്ല. അമ്പലങ്ങളായ അമ്പലങ്ങളിലെല്ലാം അവൻ കൊട്ടിയിട്ടുണ്ട്. ദൈവങ്ങളായ ദൈവങ്ങളെല്ലാം അവന്റെ കൊട്ട് കേട്ടിട്ടുണ്ടാവണം. പിന്നെന്ത് യുവജനോത്സവം?

താളം പിടിക്കാനായി അച്ഛൻ പറഞ്ഞയച്ചവർ അവനെ വളഞ്ഞിട്ടു പിടിച്ച് വേദിയിലെത്തിച്ചു. കൊട്ടു കഴിഞ്ഞ് നേരെ വീട്ടിലുമെത്തിച്ചു. പിന്നാലെ ഒന്നാമൻ അവനെന്ന വാർത്തയും സ്കൂളിലും വീട്ടിലുമെത്തി.

അന്ന് അവനെ അനുമോദിക്കാൻ മാത്രമായി സ്കൂളിൽ പ്രത്യേക അസംബ്ലി കൂടി. അനങ്ങനടി അങ്ങാടിയിലൂടെ അവനെ മുന്നിൽ നിർത്തി ഒരു ഘോഷയാത്രയുമുണ്ടായി. പതുക്കെപ്പതുക്കെ അവന്റെ കുറുമ്പെല്ലാം ഇഴുകിയിറങ്ങുകയും അഭിമാന ബോധത്താൽ അവൻ വാമനനെപ്പോലെ വലുതാവുകയും ചെയ്തു.

പിന്നീടവൻ കോട്ടയ്ക്കൽ പി.എസ്.വി.നാട്യസംഘത്തിലും കേരള കലാമണ്ഡലത്തിലും പഠിച്ചു. കോട്ടയ്ക്കൽ കുട്ടൻ മാരാരിൽ നിന്ന് പിന്നെയും പഠിച്ചു. കഥകളിച്ചെണ്ടക്കാരനായി. തായമ്പകക്കാരനായി. ഇടയ്ക്കക്കാരനായി. കേരളത്തിലെ മികച്ച അരങ്ങുകളിലെല്ലാം പനമണ്ണ ശശി എന്ന പേര് ഇപ്പോൾ പതിഞ്ഞുകിടക്കുന്നു. ജീവിച്ചിരിപ്പുള്ള പ്രതിഭാശാലികളായ തായമ്പകക്കാരിൽ ഒരാൾ പനമണ്ണ ശശിയാണ്. അനങ്ങനടിക്കാർ തലമുറ തലമുറയായി ആ പഴയ യുവജനോത്സവ വർത്തമാനം കൈമാറിക്കൊണ്ടേയിരിക്കുന്നു.

2000 ത്തിലെ പാലക്കാട് കലോത്സവത്തിൽ സംസ്കൃതോത്സവ വിഭാഗത്തിലെ കലാതിലകമായി അപർണ കെ. ശർമ്മ തെരഞ്ഞെടുക്കപ്പെട്ടു. ഗുരുവായൂരിനടുത്ത് തിരുവളയന്നൂർ ഹൈസ്കൂളിലെ വിദ്യാർത്ഥിനിയായിരുന്നു അപർണ. സമ്മാനദാനവും മറ്റും കഴിഞ്ഞ് ആഹ്ളാദപൂർവമാണ് ആ കുട്ടി മടങ്ങിയത്.

പിറ്റേന്ന് വീട്ടിലെത്തി പത്രം നോക്കിയപ്പോഴാണ് സംസ്കൃതോത്സ വിഭാഗത്തിലെന്ന പോലെ യുവജനോത്സവ വിഭാഗത്തിലും താനായിരുന്നു കലാതിലകമാകേണ്ടിയിരുന്നതെന്ന്. തന്നേക്കാൾ കുറഞ്ഞ പോയന്റുള്ള കുട്ടിക്കാണ് തിലകപ്പട്ടം നൽകിയിരിക്കുന്നതെന്ന് മനസ്സിലായപ്പോൾ അപർണ പരാതിപ്പെട്ടു. പിറ്റേ വർഷം തൊടുപുഴയിൽ നടന്ന കലോത്സവത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ വെച്ച് നർത്തകിയായ അപർണക്ക് തലേവർഷത്തെ തിലകപ്പട്ടം വിദ്യാഭ്യാസമന്ത്രി പി.ജെ. ജോസഫ് സമ്മാനിച്ചു. വിശ്വസിക്കാൻ പ്രയാസമുള്ള ഒരു സംഗതിയാണ് അന്നുണ്ടായതെന്നതിനു സംശയമില്ലല്ലോ.

മറ്റൊരനുഭവം 94ൽ കോഴിക്കോട് കലോത്സവത്തിലേതാണ്. നൃത്തവേദിയിൽ മൂന്നിനങ്ങളിൽ മത്സരിച്ച് മൂന്നിലും ഒന്നാംസ്ഥാനത്തോടെ ഒരു കുട്ടി തിലകമാവുന്നതിനടുത്തെത്തുന്നു. സമാപന സമ്മേളനത്തിലേക്ക് അടുക്കുന്നു. പിന്നെയാണ് ആന്റിക്ലൈമാക്സ്.

നൃത്തേതര വിഭാഗത്തിൽ മറ്റൊരു കുട്ടി ആകെ പതിനാറു പോയന്റ് നേടിയിരിക്കുന്നു. സംഘാടകരുടെ ശ്രദ്ധയിൽ ഇതു വന്നില്ല. പത്രപ്രവർത്തകരാണ് ഇങ്ങനെയൊരു കാര്യം ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഒടുവിൽ രണ്ടു പേർക്കും തിലകപ്പെട്ടം വീതിച്ചു നൽകുകയാണുണ്ടായത്.  ടി.എം. ജേക്കബ്ബായിരുന്നു അന്ന് വിദ്യാഭ്യാസ മന്ത്രി.

96 ഫെബ്രുവരിയിൽ കോട്ടയത്തു നടന്ന സംസ്ഥാന കലോത്സവത്തിൽ ദേശീയ ഗാനമത്സരമാണ് ഒടുവിൽ നടന്നത്. ആ മത്സരത്തിന് യൂണിഫോമിൽ പങ്കെടുക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. മുൻകൂട്ടി സെലക്ഷൻ നേടി വരുന്ന ഒരു സ്കൂൾ ടീം പങ്കെടുക്കുകയെന്നതായിരുന്നില്ല ദേശീയ ഗാനമത്സരത്തിന്റെ രീതി. സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാനെത്തുന്നവരിൽ നിന്ന് ഒരു ടീമിനെ ദേശീയഗാനമത്സരത്തിനായി അപ്പോൾ നിയോഗിക്കുകയാണ് ചെയ്യുക. വന്നിട്ടുള്ള കുട്ടികളിൽ ഏതെങ്കിലും ടീം മറ്റു മത്സരങ്ങൾക്ക് ഉപയോഗിക്കുന്ന യൂണിഫോം ഉപയോഗിക്കുകയോ അല്ലെങ്കിൽ ജില്ലാ ടീമിനെ നയിക്കുന്നവർ പ്രത്യേക യൂണിഫോം ഇതിനായി കരുതുകയോ വേണം.

തൃശൂർ ജില്ലക്കാർ പ്രത്യേക യൂണിഫോം കരുതിയിരുന്നില്ല. യൂണിഫോം ധരിച്ചുള്ള മത്സരയിനങ്ങളിൽ പങ്കെടുത്തവരെല്ലാം തിരിച്ചു പോവുകയും ചെയ്തു. തൃശൂരിനെ നയിക്കുന്ന അദ്ധ്യാപകർ തലപുകഞ്ഞാലോചിച്ചു. ദേശീയഗാനത്തിലെ പോയൻറു കൂടി ലഭിച്ചാൽ തൃശൂർ ടീമിന് ഓവറോൾ കിരീടം കിട്ടിയേക്കും.

# കലോത്സവം വീണ്ടുമെത്തുമ്പോൾ

**ടി വി. മദനമോഹനൻ**

**അ**മ്പത്തിരണ്ടാം കലോത്സവത്തിന് വേദിയായത് തൃശൂരാണ്.

കോർപറേഷൻ സ്റ്റേഡിയമായിരുന്നു ഒന്നാം വേദി. ആകെ 17വേദികൾ. നഗരത്തിന്റെ തിരക്കുകൾ ഒന്നുമില്ലാത്ത കലോത്സവം.ആ കലോത്സവത്തിന് ശേഷം, അന്നത്തെ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ എ ഷാജഹാൻ ഐ എ എസ് ഒരു യോഗം വിളിച്ചു ചേർത്തു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ,

പ്രോഗ്രാം കൺവീനർ എന്ന നിലയിൽ പങ്കെടുക്കുകയുണ്ടായി. ചർച്ചക്കായി ഒരു ചോദ്യാവലി വിതരണം ചെയ്തു.കലോത്സവത്തിന് ഒരു സ്ഥിരം വേദി ആയാലോ? ഇതായിരുന്നു ആദ്യത്തെ ചോദ്യം.

കലോത്സവ സംഘാടനത്തിന് തൃശൂർ നഗരം എത്രത്തോളം സൗകര്യപ്രദമെന്ന പശ്ചാത്തലത്തിലാണ് ഇങ്ങനെ ഒരു ചോദ്യം ചർച്ചക്കായി രൂപപ്പെട്ടതിന് പിന്നിലുണ്ടായിരുന്നത്. എന്നാൽ അതിനപ്പുറമുള്ള മറ്റു പ്രശ്നങ്ങൾ കൂടി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ ചോദ്യത്തിന് ഉത്തരം കണ്ടെത്തുകയായിരുന്നു.

58ആം കലോത്സവത്തിന്റെ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ശ്രീ ബാബു എം പാലിശ്ശേരി എം എൽ എ ആയിരുന്നു.ഈയടുത്ത കാലത്താണ് അദ്ദേഹം നമ്മോട് വിട പറഞ്ഞത്. കലോത്സവത്തിന്റെ വിജയത്തിന് അദ്ദേഹത്തിന്റെ ആൽമാർത്ഥമായ പിന്തുണയും സഹായവും അനുസ്മരിക്കുന്നു.

തൃശൂർ ജില്ലയിലെ പുതു തലമുറയ്ക്ക് കലോത്സവം പുതിയ അനുഭവമായിരുന്നു. വിവിധ ഓർമ്മകളിൽ ഒന്ന് ദേശാഭിമാനി സ്ഥാപിച്ച കൂറ്റൻ സ്കോർ ബോർഡാണ്. ഏതാണ്ട് അഞ്ഞൂറിലധികം അധ്യാപകരാണ് അന്ന് കലോത്സവചുമതല നിർവ്വഹിച്ചത്. മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളാണ് പ്രോഗ്രാം കമ്മിറ്റി ഓഫീസായി പ്രവർത്തിച്ചത്. ഒരു കല്യാണവീടിന്റെ ചന്തത്തിലും എന്നാൽ കൃത്യതയിലും ഓഫീസ് പ്രവർത്തിച്ചു. ഓഫീസിന്റെ ഈ ഗുണങ്ങൾ കണ്ടറിഞ്ഞ പൊതുവിദ്യാഭ്യാസ ഡയറക്ടർ, കെ എസ് ടി എ ജനറൽ സെക്രട്ടറിയായിരുന്ന എം ഷാജഹാൻ മാഷോട്, 'എന്റെ ഓഫീസിനേക്കാൾ മികച്ച ഓഫീസാണല്ലോ പ്രോഗ്രാം കമ്മിറ്റിയുടേത്' എന്ന് പറയുകയുണ്ടായി.



58–ാമത് കേരള സ്കൂൾ കലോത്സവം

ഇലഞ്ഞി

തൃശൂർ, 2018 ജനുവരി 6–10 4

പ്രോഗ്രാം കമ്മറ്റി വാർത്താപത്രിക

## കലോത്സവം കെട്ടുകാഴ്ചയാക്കരുത്

കമൽ

## മത്സരവേദികൾ മാനവികമാക്കാം

## മാമ്പൽ മാത്രമല്ല മനോഭാവവും മാറണം

7ദിവസമായിരുന്നു കലോത്സവം.

പിന്നീട് 58ആം കലോത്സവത്തിന് തൃശൂർ വീണ്ടും വേദിയായി. തൃശൂർ നഗരത്തിന്റെ സൗകര്യങ്ങൾ ഒരിക്കൽക്കൂടി വിദ്യാഭ്യാസ സമൂഹം അംഗീകരിച്ചു.

സംഘാടക സമിതി ചെയർമാൻ അന്നത്തെ കൃഷി മന്ത്രിയും തൃശൂരിന്റെ ജനപ്രതിനിധിയും കൂടിയായ ശ്രീ വി എസ് സുനിൽകുമാറായിരുന്നു.

പ്രോഗ്രാം കമ്മിറ്റി ചെയർമാൻ മുരളി പെരുനെല്ലി എം എൽ എ ആയിരുന്നു.

ഒന്നാം വേദി തേക്കിൻകാട് മൈതാനിയിലെ എക്സിബിഷൻ ഗ്രൗണ്ടിലായിരുന്നു. ഒപ്പം തേക്കിൻ കാട് മൈതാനിയിൽ രണ്ടു വേദികൾ കൂടി ഉയർന്നു. തെക്കേ ഗോപുരനടയിൽ സാംസ്കാരിക പരിപാടികൾക്ക് ഒരു വേദിയും ബിനി റെസ്റ്റോറന്റിന് എതിർവശത്ത് ഒരു വേദിയും.

ഘോഷയാത്ര ഒഴിവാക്കുകയും പകരം സാംസ്കാരിക പരിപാടികൾ നടത്താം എന്നും മാനുവലിൽ തന്നെ മാറ്റം വരുത്തിയതിന് ശേഷമുള്ള കലോത്സവമായിരുന്നു അത്. മാത്രമല്ല, അന്നത്തെ പൊതു വിദ്യാഭ്യാസ ഡയറക്ടർ,

എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനും കൂടിയായ ശ്രീ കെ വി മോഹൻകുമാർ ഐ എ എസ് ആയിരുന്നു.സൂര്യ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിൽ നടന്ന സാംസ്കാരിക വിസ്മയം വേറിട്ട അനുഭവമായിരുന്നു.

അഞ്ചു ദിവസമായി കലോത്സവം ചുരുങ്ങി.സ്വാഭാവികമായും വേദികളുടെ എണ്ണം വർദ്ധിച്ചു. 24വേദികൾ. വേദികൾ വർധിച്ചപ്പോഴും പക്ഷേ, നഗര വട്ടത്തിനപ്പുറം പോകേണ്ടി വന്നില്ല.

വേദികളെക്കുറിച്ച് തർക്കമോ അഭിപ്രായ വ്യത്യാസങ്ങളോ ഉണ്ടായില്ല.

പ്രോഗ്രാം കമ്മിറ്റി,വിവിധകമ്മിറ്റികളുടെ കൂട്ടത്തിൽ ഒന്നാണെങ്കിലും സൂക്ഷ്മമായ ശ്രദ്ധയും ആസൂത്രണവും വേണ്ട കമ്മിറ്റിയാണ്. അതിനാൽ തന്നെ പ്രോഗ്രാം കമ്മിറ്റിക്ക് കീഴിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. ഫ്രണ്ട് ഓഫീസ്,ഓഫീസ്,ഭക്ഷണം, ഗതാഗതം,ഐ ടി, സർട്ടിഫിക്കറ്റ്, ലോവർ അപ്പീൽ,ഹയർ അപ്പീൽ സ്കോർബോർഡ് തുടങ്ങി പതിമൂന്നോളം കമ്മിറ്റികൾ.

58ആം കലോത്സവത്തിലെ ഇനങ്ങൾ വർധിച്ചു. ആയിരത്തോളം അധ്യാപകർ അധ്വാനം ചെലവഴിച്ചു.

52ആം കലോത്സവത്തിനാണ് ഒരു പ്രത്യേക പത്രിക യുണ്ടാകണമെന്ന ആലോചന വന്നത്. പി സലിംരാജ്, ഇ ഡി ഡേവിസ്, സി എ നസീർ തുടങ്ങിയവരുടെ നേതൃത്വമാണ്, പത്രികയെ സമ്പുഷ്ടമാക്കിയത്. 'ഇലഞ്ഞി' എന്നായിരുന്നു അതിന്ന് പേര്. 58ആം കലോത്സവത്തിന് 'കൂടിയാട്ടം' എന്നായിരുന്നു പത്രികയുടെ പേര്.

ജില്ലയിലെ എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും തുടങ്ങി പൊതുസമൂഹം കലോത്സവത്തെ എങ്ങനെ കാണുന്നു എന്നതാണ് പത്രികയിലെ ഉള്ളടക്കം.

പുതിയ പത്രിക 'വനിക'എന്ന പേരിൽ പുറത്തിറങ്ങുമ്പോൾ പഴയകാല ഓർമ്മകൾ പങ്കിടാൻ കഴിഞ്ഞതിലുള്ള സന്തോഷം ഒരിക്കൽക്കൂടിപങ്കുവെക്കുന്നു.

---

### സ്കൂൾകലോത്സവം എന്ന വിസ്മയം – തുടർച്ച...

തുണിയെടുത്തു യൂണിഫോം തയ്ക്കാൻ സമയമില്ല. ദേശീയ അവാർഡ് ലഭിച്ചിട്ടുള്ള അദ്ധ്യാപകൻ എം.കെ. പശുപതി യൂണിഫോം തപ്പിയിറങ്ങി. യുവജനോത്സവത്തിന്റെ അവസാന ദിവസമാകയാൽ കോട്ടയത്തെ സ്കൂളുകൾക്ക് അവധിയാണ്. മാഷ് കാര്യം സാധിച്ചതെങ്ങനെയെന്നോ? നഗരത്തിൽ അലക്കുകാർ ഉണങ്ങാനിട്ട വസ്ത്രങ്ങളിൽ നിന്ന് പകുതി ഉണങ്ങിയ യൂണിഫോം തരപ്പെടുത്തി. ഉടനെ തിരിച്ചേൽപ്പിക്കാമെന്ന ഉറപ്പിൽ മത്സരത്തിൽ അവ ഉപയോഗിച്ചു. അവസാനത്തെ പോയന്റുകളും സ്വർണ്ണക്കപ്പും തൃശൂരിന്.

പഞ്ചവാദ്യ മത്സരം മദ്ധ്യകേരളത്തിലെ, വിശേഷിച്ചും തൃശൂർ, പാലക്കാട് ജില്ലകളിലെ പ്രൊഫഷണൽ ആർട്ടിസ്റ്റുകൾ മത്സരിക്കുന്ന ഇനമാണ്. തൃശൂരിലെ കടവല്ലൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളും പാലക്കാട് ജില്ലയിലെ പെരിങ്ങോട് ഹയർ സെക്കണ്ടറി സ്കൂളും തമ്മിലാണ് പഞ്ചവാദ്യ മത്സരം നടക്കാറുള്ളത്. ആമക്കാവ് ക്ഷേത്ര സന്നിധിയിൽ പഞ്ചവാദ്യം കൊട്ടിയാണ് ഇത്തവണ പെരിങ്ങോടുകാർ എത്തുന്നത്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളിൽ മത്സരിക്കുന്ന കുട്ടികൾ സംയുക്തമായാണ് അമ്പലത്തിൽ കൊട്ടിയത്. 2001 ൽ തൊടുപുഴ കലോത്സവത്തിലെത്തുമ്പോൾ ഇരുപത്തിനാലു വർഷം തുടർച്ചയായി ഹൈസ്കൂൾ വിഭാഗം പഞ്ചവാദ്യം ഒന്നാം സ്ഥാനക്കാരായിരുന്നു പെരിങ്ങോട്. തലേവർഷം 2000 ത്തിൽ പാലക്കാട് കലോത്സവത്തിൽ ആദ്യമായി അരങ്ങേറിയ കടവല്ലൂർ സംഘത്തെ തോൽപ്പിച്ചാണ് പെരിങ്ങോടിന്റെ വിജയം. പക്ഷേ തൊടുപുഴ കലോത്സവത്തിൽ ഇരുപത്തഞ്ചു വർഷത്തെ റെക്കോർഡിടാൻ പെരിങ്ങോടിനു കഴിഞ്ഞില്ല. അവിടെ വിജയിച്ചത് കടവല്ലൂർ ഗവ. ഹൈസ്കൂ ളാണ്. പെരിങ്ങോട് രണ്ടാമതായി. അക്ഷരാർത്ഥത്തിൽ കരഞ്ഞു നിൽക്കുന്ന പെരിങ്ങോട് കലാകാരന്മാരെ ആശ്വസിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. അപ്പീലും അവരെ തുണച്ചില്ല. പിന്നീട് പെരിങ്ങോട് കടവല്ലൂരിനെ തോൽപ്പിച്ചിട്ടുണ്ടെങ്കിലും അത് കാൽ നൂറ്റാണ്ടെന്ന ദൗത്യം നിറവേറ്റുന്നതിനു പകരമാവില്ലല്ലോ.

കഥകളി ഗ്രൂപ്പ് മത്സരത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറേ വേറെ മത്സരമില്ല. 2001 ലെ തൊടുപുഴ കലോത്സവത്തിൽ ആകെ പത്തു സംഘങ്ങളിലായി മുപ്പതു കുട്ടികളാണ് പങ്കെടുത്തത്. മുപ്പതുപേരും പെൺകുട്ടികൾ. അന്ന് കലാമണ്ഡലത്തിൽ പെൺകുട്ടികളെ കഥകളി പഠിപ്പിക്കാൻ തുടങ്ങിയിരുന്നില്ല. പുറത്തെ പരിപാടികളിൽ പൊതുവേ സ്ത്രീവേഷം പോലും പുരുഷൻമാരാണ് ചെയ്യുക എന്നു മോർക്കണം.

വർഷമെത്ര കഴിഞ്ഞാലും ഇത്തരം അനുഭവങ്ങൾ മാഞ്ഞുപോവുകയില്ല. യുവജനോത്സവം പകർന്നു നൽകുന്ന സർഗ്ഗാത്മകത നഷ്ടപ്പെടുകയില്ല. താഴെ തട്ടിലുള്ള മത്സരങ്ങൾ വിജയിച്ച് സംസ്ഥാന തലത്തിലെത്തുന്നവർ സൃഷ്ടിക്കുന്ന തരംഗം പൊയ്പ്പോവുകയില്ല.

മത്സരവിജയികൾ പിൽക്കാലത്ത് കലാരൂപങ്ങളുമായി ചേർന്നുനിൽക്കണമെന്നില്ല. സാഹചര്യവശാൽ കഴിവുകൾ തേച്ചുമിനുക്കാൻ കഴിയാതെ അവരിൽ ചിലർ മറ്റു മേഖലകളിൽ ചെന്നുപെടാം പക്ഷേ ഉള്ളിൽ കലയുടെ സ്ഫുരണം ഉണ്ടെങ്കിൽ അവർ നില്ക്കുന്നിടം സർഗ്ഗാത്മകതയുടെ സുഗന്ധവും നിറവുമുള്ളതാവും. കുടുംബത്തിലും ജോലി സ്ഥലത്തും പൊതു സമൂഹത്തിലുമെല്ലാം അവരിൽ നിന്ന് വെളിച്ചം പകർന്നു കിട്ടും. കലാകാരന്മാർക്കൊപ്പം കലയെ സ്നേഹിക്കുന്നവരെയും സൃ

# ജീവിതരാഗമായി മാറിയ ഒരു ലളിതഗാനം

**പുഷ്പവതി**



ചുറ്റുമുള്ളവർക്ക് നമ്മെ തിരിച്ചറിയാനും പിന്തുണ നൽകാനുമുള്ള അവസരമാകുന്നുണ്ട് കലോത്സവവേദികൾ. പാട്ടിന്റെ പുതുലോകത്തിലേക്കുള്ള കൈവഴിയായി മാറിയ ഒരു കലോത്സവവേളയെക്കുറിച്ച് എഴുതുകയാണ് ഗായികയും സംഗീത നാടക അക്കാദമി ഉപാധ്യക്ഷയുമായ പുഷ്പവതി പൊയ്പാടത്ത്.

ആദ്യമായി ഒരു വലിയ സദസ്സിന് മുന്നിൽ നിന്ന് പാടുന്നത് തന്നെ സ്കൂൾ ഉപജില്ലാ മത്സരത്തിൽ ലളിത ഗാനം പാടികൊണ്ടാണ്. എന്റെ പ്രിയപ്പെട്ട ദ്രൗപതിടീച്ചർ പഠിപ്പിച്ച ലളിത ഗാനം പാടി അ ഗ്രേഡ് 1ൽ നേടിയപ്പോൾ സ്കൂൾ ഹെഡ് മിസ്ട്രെസ് സരോജിനി ടീച്ചർ എന്നെയെടുത്ത് മുകളിലേക്കുയർത്തി പിടിച്ച് ആഹ്ലാദം പ്രകടിപ്പിച്ചത് ഈ അവസരത്തിൽ ഓർക്കുന്നു.

ട്രോഫിയോ സമ്മാനമോ വാങ്ങാൻ സമയം കിട്ടാതെ മടങ്ങിയത് കൊണ്ട് ഞാൻ സരോജിനി ടീച്ചറിനോട് ആശങ്കയോടെ ചോദിച്ചു, എനിക്ക് എപ്പോഴാ സമ്മാനം കിട്ടാ എന്ന് ? ഉടനെ കിട്ടുമെന്ന് സമാധാനിപ്പിച്ച ടീച്ചർ പിറ്റേന്ന് സ്കൂളിൽ വന്നത് കയ്യിൽ നല്ല മണിമാലയും കുറേ മനോഹരമായ കുഞ്ഞു കമ്മലുകളും കൊണ്ടാണ്. എനിക്കത് സമ്മാനിച്ചപ്പോൾ ഉണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു.

ഞാൻ ആദ്യം പാടിയതും സമ്മാനം നേടിയതും കൃഷ്ണനെ വർണ്ണിക്കുന്നതായ വരികൾ ഉള്ള ലളിതഗാനത്തിനായിരുന്നു. 'ഹരിനാമ കീർത്തനം പാടി ഞാനിന്ന് ഗുരുവായൂരപ്പന്റെ തിരുനടയിൽ' എന്ന ആ ഗാനം പാടുമ്പോൾ ഇന്നും മനസ്സ് നിറയാറുണ്ട്. ആ ഗാനത്തിനു ശേഷമാണ് ദ്രൗപതി ടീച്ചർ എന്നോട് പറഞ്ഞത് 'മോൾ ഒറ്റക്ക് വരാറാകുമ്പോൾ എന്റെ വീട്ടിൽ വരണം ഞാൻ പാട്ട് പഠിപ്പിച്ചു തരാം' എന്ന്. സംഗീതലോകത്തിലേക്ക് വഴിതെളിയിച്ച വിലമതിക്കാനാവാത്ത ക്ഷണം!

പൊതുവേ ആർഭാടത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രിവിലേജുകൾ കലോത്സവ വേദികളിൽ പ്രകടമാകാറുണ്ട്. എന്നാൽ പ്രതിസന്ധികളെയും പരിമിതികളെയും മറികടന്ന് എത്തുന്ന ഒട്ടേറെ കുട്ടികൾക്ക് കലാരംഗത്തേക്കുള്ള തുടർപാതകളൊരുക്കാൻ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ കൂടി കലോത്സവങ്ങൾ തുണയാകുന്നുണ്ട്.



**ഡോ. ആർ.ബിന്ദു**
ബഹു. ഉന്നത വിദ്യഭ്യാസ
വകുപ്പ് മന്ത്രി

ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമേളയ്ക്ക് കേരളത്തിന്റെ സാംസ്കാരികതലസ്ഥാനം ഒരിയ്ക്കൽക്കൂടി വേദിയൊരുക്കുകയാണ്. കൗമാര കലാവിഷ്കാരങ്ങളുടെ അനവദ്യമുഹൂർത്തങ്ങളെ മുദ്രപ്പെടുത്താൻ പുറത്തിറക്കുന്ന 'വനിക' പത്രികയ്ക്ക് എന്റെ ഹൃദയാഭിവാദനങ്ങൾ. നവാഗത കലാപ്രതിഭകൾ ഉണർത്തുന്ന താല-ലയ-നൃത്ത-രചനാ രൂപങ്ങളുടെ സർഗ്ഗാരവങ്ങൾ 'വനിക'യിൽ അക്ഷരങ്ങളായി പെയ്യട്ടെ. മലയാളത്തനിമയുടെയും സംസ്കൃതിയുടെയും ആവിഷ്കാരവേദികളായി, മാനവികതയുടെ ഉണർത്തുപാട്ടുകൾ ഓരോ അരങ്ങിലും തുടിച്ചുയരുന്നത് 'വനിക'യിലൂടെ അനശ്വരമാകട്ടെ!



# കലയുടെ കാതൽ

**മുണ്ടൂർ സേതുമാധവൻ**

കല അത് ഏത്തന്നെയാവട്ടെ, സർഗ്ഗാത്മകതയുടെ സൃഷ്ടിയും പ്രതിഫലനവുമാണ്. വൈജ്ഞാനികവും സാഹിത്യപരവുമായ നവോത്ഥാനത്തിന് അത് വഴിവെക്കുന്നു. കലാസ്വാദനം കൊണ്ട് പരിപുഷ്ടമായ ഒരു മനസ്സിന് ആർദ്രഭാവവും ഇതര മനുഷ്യരോടും ജീവജാലങ്ങളോടും ആർദ്രമായ ഒരു മനോഭാവവും വളർത്തുവാൻ കലകൾക്ക് കഴിയുന്നു. വിദ്യാലയങ്ങളിൽ കലാപരിശീലനവും കായികപരിശീലനവും നിർബന്ധമാക്കികൊണ്ടുള്ള കേരളാ ഗവൺമെന്റിന്റെ തീരുമാനത്തെ സഹൃദയർ സന്തോഷത്തോടെ സ്വീകരിക്കും. കാരണം ഇവ മനസ്സിനെ പ്രാർത്ഥനാ ഭരിതവും, സ്നേഹോഷ്മളവും സങ്കൽപ്പങ്ങളുടെ വസന്തവും തീർക്കാൻ ഇവയ്ക്ക് കഴിയുന്നു. കലകൾ മനുഷ്യ മനസ്സിന്റെ കണ്ണീരാകുന്നു. മനസ്സിൽ നിന്നും ഉറന്നു കൂടുന്ന കണ്ണീർ കലാസ്വാദനത്തിന്റെ പെരുളാവുകയും അത് എന്റെയും നിങ്ങളുടെയും മനസ്സുകളിൽ പ്രത്യാശയുടെ തിളക്കം ഉളവാക്കുകുയും ചെയ്യുന്നു. വനാന്തരങ്ങളിലെ ഏകാന്തതയിലെ സമാശ്വാസത്തിന് വേണ്ടി തിരഞ്ഞുപോയ പഥികൻ ആ ഏകാന്തതയിൽ അനുഭവിച്ചത് എന്താണെന്ന് ലോകപ്രശസ്ത കവി Wordsworth പറയുന്നു : Hearing often times the still sad Music of humanity. മനുഷ്യന്റെ ഏകാന്തതകളിലെ ദുഃഖപൂരിതമായ നിമിഷങ്ങളെ സാർത്ഥകമാക്കുന്നത് പ്രകൃതി നമ്മുടെ മനസ്സിനെ തലോടുന്ന കലകളുടെ ഇത്തിരി സമാശ്വാസമാണ്. ഈ കലകളാണ് മനുഷ്യവംശത്തിന്റെ വളർച്ചയും വികാസവും പ്രത്യാശയുമെല്ലാം വളർത്തിക്കൊണ്ട് വരുന്നത്.

കലകളുടെ കലവറയായ തൃശൂരിൽ ഹൈസ്ക്കൂൾ യുവജനോത്സവത്തിന്റെ 64-ാം വർഷത്തെ മേളപദങ്ങൾ ഉയരുകയാണ്. കലോത്സവവേദികളിലൂടെ എത്രയോ കലാവാഗ്ദാനങ്ങളെ കേരളത്തിനു ലഭിച്ചു. പുതിയ വർഷത്തിൽ കലയുടെ കളിയാട്ടം നടക്കുന്ന ഇളം മനസ്സുകളുടെ പ്രതിഭാവിലാസം കാണാൻ കൗതുകത്തോടെ തേക്കിൻകാട് മൈതാനത്തിന്റെയും സമത്വത്തിന്റെ പുലിക്കളിയുടെയും പൂരഘോഷത്തിന്റെയും ഇടയിലേയ്ക്ക് പുതിയ താരങ്ങൾ, പുതിയ കുട്ടികൾ, പുതിയ വാഗ്ദാനങ്ങൾ കടന്നു വരുന്നു. അവരുടെ ചിലങ്കയുടെ നാദവും ചായങ്ങൾ കൊണ്ട് ഉണർത്തുന്ന രാഗവും ശബ്ദങ്ങൾ കൊണ്ടുണ്ടാക്കുന്ന സംഗീതവും ആസ്വദിക്കാനും നെഞ്ചിലേറ്റി വാങ്ങുവാനും നമുക്ക് തൃശൂരിൽ ഒത്തുകൂടാം. കലകൾ ജീവിതത്തിന്റെ ദർപ്പണമാണെന്നും ഈ കലകളിലൂടെയാണ് ജീവിതത്തെ നോക്കി കാണേണ്ടതെന്നും ഉള്ള പരമമായ സത്യത്തിന്റെ വെളിച്ചത്തിൽ ചിരിച്ചും, കളിച്ചും, കരഞ്ഞും, ആടിയും പാടിയും കലോത്സവവേദിയിലേക്കെത്തുന്ന പ്രിയപ്പെട്ട കുട്ടികളെ വിജയം നിങ്ങളുടേതാവട്ടെ. കാലത്തിന്റെ സംഘഗാനം നിങ്ങളെക്കുറിച്ചാവട്ടെ.



സ്നേഹാദരങ്ങളോടെ,
**A C മൊയ്തീൻ**
ചെയർമാൻ,
പ്രോഗ്രാം കമ്മിറ്റി

# ആശംസകൾ

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ വീണ്ടും കേരള സ്കൂൾ കലോത്സവം എത്തിച്ചേർന്നതിൽ അതിയായ സന്തോഷമാണുള്ളത്. കലയും സാഹിത്യവും മാറ്റുരയ്ക്കുന്ന അഞ്ച് ദിനരാത്രങ്ങൾ തൃശൂർക്കാർക്ക് മറ്റൊരു പൂരത്തിന്റെ അനുഭവമാകും സമ്മാനിക്കുക.

കലയുടെ മാമാങ്കമായ ഈ കലോത്സവം ആസ്വദിക്കാൻ വിവിധ ദേശങ്ങളിൽ നിന്ന് ധാരാളം പേർ വരുന്നുണ്ട്. ഓരോ വേദിയിലും കാണികളുടെ വലിയ സദസ്സായിരുന്നു, മുൻകാലങ്ങളിൽ തൃശൂരിൽ കണ്ടത്. ഇത്തവണയും നിറഞ്ഞ് കവിയുന്ന സദസ്സിനു മുമ്പിൽ കൗമാരപ്രതിഭകൾക്ക് മാറ്റുരയ്ക്കാൻ കഴിയുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും പ്രോഗ്രാം കമ്മിറ്റി ചെയ്തിട്ടുണ്ട്. മത്സരാർത്ഥികളായി എത്തുന്ന എല്ലാ പ്രതിഭകളെയും വിധികർത്താക്കളെയും അധ്യാപകരെയും മറ്റു സംഘാടകരെയും പൊതുജനങ്ങളെയും ഊഷ്മളമായി അഭിവാദ്യം ചെയ്യുന്നു. കലോത്സവത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

---

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# കലോത്സവത്തെ ഡിജിറ്റൽ ചിറകിലാക്കി കൈറ്റ്

തൃശ്ശൂരിൽ വെച്ച് നടക്കുന്ന 64ാമത് സംസ്ഥാന സ്കൂൾ കലോൽസവം പൂർണ്ണമായും സ്മാർട്ട് ആക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിപുലമായ ഐ.ടി സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള എല്ലാ ഘട്ടങ്ങളും ഓൺലൈൻ പോർട്ടൽ വഴിയും മൊബൈൽ ആപ്പ് വഴിയും ഏകോപിപ്പിച്ചും, സ്കൂൾ വിക്കിയിൽ മുഴുവൻ സ്റ്റേജിതര മത്സരങ്ങൾ ഉൾപ്പെടുത്തിയും കൈറ്റ് വിക്ടേഴ്സ് വഴി തത്സമയ സംപ്രേഷണം ഒരുക്കിയുമാണ് കൈറ്റ് കലോത്സവത്തിന് ഡിജിറ്റൽ മുഖം നൽകുന്നത്

കലോത്സവത്തിന്റെ ആകെ നിയന്ത്രണം www.ulsavam.kite.kerala.gov.in എന്ന പോർട്ടലിലൂടെയാണ് നിർവ്വഹിക്കുന്നത്. മത്സരാർത്ഥികളെ ക്ലസ്റ്ററുകളാക്കി തിരിക്കുക, പാർട്ടിസിപ്പന്റ് കാർഡ് ലഭ്യമാക്കുക, ടീം മാനേജർമാർക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുക തുടങ്ങിയവയെല്ലാം ഇതിലൂടെ പൂർണ്ണമായും ഓൺലൈൻ രൂപത്തിലാക്കിയിരിക്കുന്നു. സ്റ്റേജുകളിലെ മത്സരക്രമം അറിയിക്കുന്ന ടൈംഷീറ്റ്, കാൾഷീറ്റ്, സ്കോർഷീറ്റ് എന്നിവയുടെ തയ്യാറെടുപ്പും ഇതിലൂടെയാണ് നടക്കുന്നത്. സർട്ടിഫിക്കറ്റുകളുടെ ആധികാരികത ക്യൂ.ആർ.കോ‌ഡ് വഴി ഉറപ്പാക്കാനും ഡി ജി ലോക്കർ! വഴി അവ ലഭ്യമാക്കാനും പോർട്ടലിൽ സൗകര്യമുണ്ട്. കൂടാതെ, ഇത്തവണ ഹയർ അപ്പീൽ ടോക്കൺ രജിസ്ട്രേഷൻ സംവിധാനം ആപ്പിലൂടെ തന്നെ നടപ്പിലാക്കാൻ സാധിക്കുന്ന പുതിയ ഫീച്ചറും ഉൾപ്പെടുത്തിയതായി കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ.അൻവർ സാദത്ത് അറിയിച്ചു.

പൊതുജനങ്ങൾക്ക് മത്സരവിവരങ്ങൾ തത്സമയം ലഭ്യമാക്കാൻ **KITE Ulsavam** എന്ന മൊബൈൽ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ്. 25 വേദികളിലേക്കും അനുബന്ധ ഓഫീസുകളിലേക്കും എളുപ്പത്തിൽ എത്തിച്ചേരാൻ സഹായിക്കുന്ന ഡിജിറ്റൽ മാപ്പുകൾ ഈ ആപ്പിന്റെ പ്രധാന പ്രത്യേകതയാണ്. അതിനാൽ വിവിധ വേദികളിലെ മത്സരങ്ങൾ തുടങ്ങുന്നതും അവസാനിക്കുന്നതുമായ സമയം തത്സമയം സ്കോറിനോടൊപ്പം ഈ ആപ്പിലൂടെ അറിയാൻ സാധിക്കും.

കഥ, കവിത, ചിത്രരചന, കാർട്ടൂൺ, പെയിന്റിങ്ങ് തുടങ്ങിയ രചനാ മത്സരങ്ങളുടെ ഫലപ്രഖ്യാപനത്തിനുശേഷം അവ സ്കൂൾ വിക്കിയിൽ (www.schoolwiki.in) ലഭ്യമാക്കും. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു തുടങ്ങിയ എല്ലാ ഭാഷകളിലെയും രചനകൾ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹായത്തോടെയാണ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നത്. 2016 മുതലുള്ള കലോൽസവ രചനകളുടെ ഡിജിറ്റൽ ശേഖരവും ഇതിൽ ലഭ്യമാണ്.

വിവിധ വേദികളിൽ നടക്കുന്ന മത്സരങ്ങൾ കൈറ്റ് വിക്ടേഴ്സ് ചാനലിൽ തത്സമയം നൽകും.! www.victers.kite.gov.in വഴിയും

KITE VICTERS മൊബൈൽ ആപ് വഴിയും ഇത് കാണാം.




ഹിരൺദാസും സഹപാഠികളും. മുകളിൽനിന്ന് താഴേക്ക് മൂന്നാമത്തെ വരിയിൽ ഇടത്തുനിന്ന് അഞ്ചാമത് ഹിരൺദാസ്. അധ്യാപകരിൽ ഇടത്തുനിന്ന് നാലാമത് ജീജടീച്ചർ അടുത്തത് ജയലക്ഷ്മിടീച്ചർ

# 'വിയർപ്പു തുന്നിയിട്ട കുപ്പായം'

## അതിൽ നിറങ്ങൾ ചേർത്ത

## ഒരു കലോത്സവ കാലം....

പ്രിയവിദ്യാർത്ഥി വേടനെക്കുറിച്ച് ജീജ ടീച്ചർ...
(ജി.എച്ച്.എസ്.എസ്. പേട്ട, തിരുവനന്തപുരം)

തിരുവനന്തപുരം ജില്ലയിൽനിന്ന് ഇത്തവണ സംസ്ഥാന കലോത്സവത്തിന് എത്തുമ്പോൾ ജീജടീച്ചറുടെ മനസ്സിൽ പുതുതലമുറയുടെ ഹരമായ ഇപ്പോഴത്തെ വലിയൊരു താരത്തിന്റെ വിദ്യാർത്ഥിജീവിതവും മത്സരവേദികളും തെളിയുന്നുണ്ട് - വേടൻ എന്ന ഹിരൺദാസ് മുരളിയുടെ!

തൃശൂർ മോഡൽബോയ്സ് സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികാലത്ത് വേടന്റെ ക്ലാസ്ടീച്ചർ ആയിരുന്ന ജീജ സ്വരാജ് ശിഷ്യനെക്കുറിച്ച് പറഞ്ഞപ്പോൾ അതിൽ സ്നേഹത്തിന്റെയും കരുതലിന്റെയും വാത്സല്യത്തിന്റെയും ഊഷ്മളത നിറഞ്ഞുനിന്നു.



2014-15 അധ്യയനവർഷത്തിൽ മലയാളം കവിതാരചന, കൊളാഷ്, നാടൻപാട്ട് എന്നീ ഇനങ്ങളിലാണ് ഹിരൺദാസ് ജില്ലയിൽ മത്സരിച്ചിരുന്നത്. സംസ്ഥാനതലത്തിൽ കൊളാഷിലും.

സയൻസ്ക്ലാസിന്റെ ഭാരം തനിക്ക് താങ്ങാൻ കഴിയില്ലെന്നും രണ്ടുവർഷം ശല്യമൊന്നും ഉണ്ടാക്കാതെ ഇവിടെ കൂടിക്കൊള്ളാം എന്നും തുറന്നുപറഞ്ഞ് പിൻബഞ്ചിൽ ഇരിക്കുന്ന കുട്ടി അത്ര പെട്ടെന്ന് അടുക്കുന്ന പ്രകൃതക്കാരനായിരുന്നില്ല. പക്ഷേ നോട്ടുപുസ്തകങ്ങളിൽ അവൻ വരച്ചിടുന്ന ചിത്രങ്ങളിലേക്കും വാക്കുകളിലേക്കും ടീച്ചറുടെ ശ്രദ്ധയും പ്രോത്സാഹനവും ഉണ്ടായപ്പോൾ അവൻ മനസ്സുതുറന്നു . ചിത്രങ്ങളിൽ സ്ഥിരമായി ഉണ്ടായിരുന്ന ഒരു കാഴ്ച ഇതായിരുന്നു - മലമുകളിലേക്ക്, ചക്രവാളത്തിലേക്ക് ഒറ്റയ്ക്ക് നോക്കി നിൽക്കുന്ന ഒരു കുട്ടി....!

കവിതയ്ക്ക് സ്കൂളിൽ സമ്മാനം കിട്ടിയപ്പോൾ അന്നത്തെ വിധി കർത്താവായിരുന്ന എഴുത്തുകാരിയും മോഡൽ ബോയ്സ് മലയാളം അധ്യാപികയും ആയ ബിലു സി. നാരായണൻ ഹിരൺ ദാസിന്റെ കവിതയിലെ സ്പാർക്ക് എടുത്തു പറഞ്ഞിരുന്നു മത്സരക്കവിതകളുടെ പാറ്റേണുകളെ അതിലംഘിച്ച് പൊട്ടിത്തെറിക്കുന്ന കവിത! കൗമാര ഭാവനയുടെ ശീലഭാവങ്ങളിൽ നിന്ന് ധിക്കാരപൂർവ്വം കുതറി നിൽക്കുന്ന ആശയങ്ങൾ. ഇങ്ങനെയുള്ള കവിതയ്ക്ക് സമ്മാനം കൊടുത്ത് ഉപജില്ലയിലേക്ക് വിട്ടാൽ എന്താവും എന്ന ചോദ്യം പലരിൽ നിന്നും ഉണ്ടായി. പക്ഷേ ഭാവിയിലേക്കുള്ള വ്യത്യസ്തമായ ഒരു ദിശ, എഴുത്തിന്റെ അനുപമമായ ഒരു കയ്യൊപ്പ് വരികളിൽ ഉണ്ടായിരുന്നു.

'വിയർപ്പു തുന്നിയിട്ട കുപ്പായം....' എന്ന് ഗാനരചനയ്ക്ക് സംസ്ഥാന ചലച്ചിത്രപുരസ്കാരം നേടിയ വരികളിൽ ഉള്ള പോലെ ജീവിതക്കരുത്തുള്ള കയ്യൊപ്പ്.!

പഠനത്തിൽ പിന്നിലായപ്പോഴും പാട്ടിലൂടെ അവൻ കൂട്ടുകാർക്കിടയിൽ ഒന്നാമനായി.. കുട്ടികൾക്കിടയിലെ വഴക്കുകളും വക്കാണങ്ങളും മായ്ച്ചുകളയുന്ന പരുക്കൻ ശാസനക്കാരനായി. രണ്ടാംവർഷ വിദ്യാർഥികൾക്കിടയിൽ സ്റ്റഡിടൂർ, സെന്റോഫ് തുടങ്ങിയവയെക്കുറിച്ചുള്ള അഭിപ്രായഭിന്നതകൾ അവർക്കിടയിൽ തന്നെ പറഞ്ഞു തീർക്കുന്ന ഒരു ഇടക്കണ്ണിയായിരുന്നു ഹിരൺദാസെന്ന് പ്രിൻസിപ്പൽ ജയലക്ഷ്മി ടീച്ചർ ഓർക്കുന്നു. ഉപജില്ലയിൽ ആ വർഷം മോഡൽ ബോയ്സ് സ്കൂൾ ഓവറോൾ കിരീടം നേടി. എയ്ഡഡ് സ്കൂളുകളുടെ കുത്തകയായിരുന്ന ഒന്നാം സ്ഥാനത്തിലേക്ക് ഒരു സർക്കാർ സ്കൂളിന്റെ അപൂർവ നേട്ടം. മൂന്നിനങ്ങളിൽ ഹിരൺദാസ് നേടിയ പോയിന്റുകൾ അതിലേക്കുള്ള വലിയ മുതൽക്കൂട്ടായിരുന്നു.

ക്ലാസ്സിൽ ഇരുന്നിട്ട് കാര്യമില്ലെങ്കിൽ ലൈബ്രറിയിൽ പോയിരുന്ന് വായിച്ചോളൂ എന്ന് ഒരിക്കൽ ജീജ ടീച്ചർ പറഞ്ഞപ്പോൾ മറുപടി ഇങ്ങനെയായിരുന്നു - 'എന്നാൽ ടീച്ചർ കുറച്ചു പുസ്തകങ്ങൾ വാങ്ങിച്ചുതരണം. ഇവിടത്തെ പുസ്തകങ്ങളൊക്കെ ഞാൻ വായിച്ചു കഴിഞ്ഞു.'

പാഠപുസ്തകങ്ങൾക്ക് പുറത്ത് നിന്ന് ഒരു കുട്ടിക്ക് കിട്ടുന്ന ഭാഷയുടെയും ചിന്തയുടെയും പുതു ലോകങ്ങളെക്കുറിച്ച് ടീച്ചർ അത്ഭുതത്തോടെ സന്തോഷത്തോടെ മനസ്സിലാക്കിയ സന്ദർഭം.

മോഡൽ ബോയ്സിലെ ചിത്രകലാ അധ്യാപികയായിരുന്ന പി.ജി. ഉഷടീച്ചറാണ് കൊളാഷിന്റെ സാങ്കേതിക വശങ്ങളിൽ പരിശീലനം കൊടുത്തത്. (ഉഷടീച്ചർ ഈ കലോത്സവത്തിന് തൃശൂർ നഗരത്തെക്കുറിച്ചുള്ള തന്റെ ചിത്ര പ്രദർശനവുമായി എത്തുന്നുണ്ട്.) എല്ലാറ്റിനും പിന്തുണ നൽകിക്കൊണ്ട് സ്നേഹ സാന്നിധ്യമായി അന്നത്തെ പ്രിൻസിപ്പൽ ജയലക്ഷ്മി ടീച്ചർ.

സ്കൂൾകലോത്സവത്തിലെ വിജയവും തുടർന്നുള്ള ജില്ലാ സംസ്ഥാന തലങ്ങളിലേക്കുള്ള ഒരുക്കങ്ങളും തന്റെ ഉള്ളിലെ കലാകാരനെ കൂടുതൽ മിനുക്കിയെടുക്കുന്നതിനുള്ള അവസരങ്ങളായി മാറുകയായിരുന്നു ഹിരൺദാസിന്. തുടർന്നുള്ള വഴി പാട്ടിന്റേതെന്ന തിരഞ്ഞെടുപ്പിന്റെ ആത്മവിശ്വാസവും വാക്കുകളിൽ തെളിഞ്ഞു. അദ്ധ്യാപികയെന്ന നിലയിൽ ഗുണപരമായ ആ മാറ്റത്തിന് സാക്ഷിയും പങ്കാളിയുമാകാൻ കഴിഞ്ഞത് ഏറ്റവും സന്തോഷം നിറഞ്ഞ അനുഭവമാണ് ജീജടീച്ചർക്ക്.

ആദ്യ ആൽബത്തിലേക്കുള്ള പ്രയത്നനാളുകൾ, തുടർന്നുള്ള ഉയർച്ചയുടെ പടവുകൾ, ഇപ്പോഴെത്തി നിൽക്കുന്ന നേട്ടങ്ങളും പ്രശസ്തിയും തിരക്കും. പക്ഷേ ഓരോ ജീവിതഘട്ടങ്ങളിലും മറക്കാതെ സ്നേഹ സൗഹൃദങ്ങൾ ഇപ്പോഴും തുടരുന്ന പ്രിയശിഷ്യന്റെ വരികളും സംഗീതവും ഇനിയും ലോകമറിയട്ടെ എന്ന ആശംസകളോടെയാണ് ടീച്ചർ പറഞ്ഞു നിർത്തിയത്.



**ഉമേഷ് എൻ.എസ്.കെ. IAS**
പൊതുവിദ്യാദ്യാസ ഡയറക്ടർ

ഏഷ്യയിലെത്തന്നെ ഏറ്റവും വലിയ ഉത്സവമായ സംസ്ഥാന സ്കൂൾ കലോത്സവം സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയുംമേളനമാണ്. കൗമാരത്തിന്റെ ഉത്സവമായ കലാമേള, മത്സരാത്ഥികളുടെ മനസ്സിൽ സ്നേഹ പുഷ്പങ്ങൾ വിടർത്തട്ടെ 64-മത് സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി കലോത്സവം പ്രോഗ്രാം കമ്മിറ്റി വനിക, എന്ന വാർത്താപത്രിക ഇറക്കുന്നു എന്നതിൽ സന്തോഷിക്കുന്നു. കലോത്സവത്തിൽ സുഗന്ധത്തിന്റെ അടയാളമായി മാറാൻ 'വനിക' യ്ക്ക് സാധിക്കട്ടെ.



**യു.പി. ജോസഫ്**
കലോത്സവം പ്രോഗ്രാം കമ്മിറ്റി
വൈസ്ചെയർമാൻ

64-ാം മത് കേരള സ്കൂൾ കലോത്സവം ഇത്തവണ സാംസ്കാരിക നഗരിയായ തൃശൂരിൽ എത്തിയിരിക്കുന്നു. കലയും സാഹിത്യവും സംഗീതവും എന്നും മനസ്സുകളിൽ മാനവികതയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവയാണ്. വളർന്നു വരുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ നന്മകൾ പകർന്നു നൽകാൻ കലോത്സവ വേദികൾക്ക് കഴിയണം . കലോത്സവത്തിന്റെ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ തൃശൂരിലെത്തുന്ന മുഴുവൻ മത്സരാർത്ഥികൾക്കും കലാ സ്നേഹികൾക്കും കഴിയട്ടെ.

കലോത്സവത്തിന്റെ ഭാഗമായി പ്രോഗ്രാം കമ്മിറ്റി ഇറക്കുന്ന 'വനിക' എന്ന വാർത്താ പത്രികക്ക് കലോത്സവ നന്മകൾ പകർന്നു നൽകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.


## ചരിത്രത്താളുകളിലൂടെ



1996ലെ കോട്ടയം കലോത്സവത്തിൽ
തൃശൂർ കിരീടം നേടിയപ്പോൾ

കേരള സംസ്ഥാനത്തിന്റെ പ്രായം തന്നെയാണ് സ്കൂൾ കലോത്സവത്തിനും. 1956 ൽ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ഡോ. സി എസ്.വെങ്കിടേശ്വരൻ , ഡെപ്യൂട്ടി ഡയറക്ടർ രാമവർമ അപ്പൻ തമ്പുരാൻ, ഗണേശയ്യർ എന്ന പ്രഥമാധ്യാപകൻ ഈ മൂവർ സംഘമാണ് ആദ്യ കലോത്സവത്തിന്റെ നടത്തിപ്പിന് ആസൂത്രണം തുടങ്ങിയത്.

ശ്രീ വെങ്കിടേശ്വരയ്യർ ഡൽഹിയിലെ അന്തർ സർവകലാശാല കലോത്സവത്തിൽ അതിഥിയായി പങ്കെടുത്ത സമയത്ത് ആ പരിപാടിയുടെ ആവേശം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്കായും ഇത്തരം ഒരു മത്സരം സംഘടിപ്പിക്കുന്നതിനക്കുറിച്ച് ആലോചിച്ചത്. കേരളപ്പിറവിയ്ക്ക് തൊട്ടുപിന്നാലെ ജനുവരി 25 മുതൽ 26 വരെ രണ്ടുദിവസങ്ങളിൽ എറണാകുളം എസ് ആർ വി ഗേൾസ് സ്കൂളിലാണ് ആദ്യ യുവജനോത്സവം അരങ്ങേറിയത്. 200 ഓളം കുട്ടികൾ സ്കൂൾതലത്തിൽ നിന്ന് നേരിട്ട് കലോത്സവത്തിലേക്ക് പങ്കെടുക്കുകയായിരുന്നു.



**കെ സച്ചിദാനന്ദൻ**
പ്രസിഡണ്ട്
സാഹിത്യ അക്കാദമി

ഇക്കുറി സംസ്ഥാന കലോത്സവം തൃശൂരിൽ വെച്ച് നടക്കുന്നു എന്ന് അറിയുന്നതിൽ വലിയ സന്തോഷമുണ്ട്. തൃശൂർ മുമ്പേ തന്നെ കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനം എന്ന പേരുകേട്ട നഗരമാണ്. ഈ ഉത്സവം ഒന്നുകൂടി ആ പേരിനെ ഉറപ്പിക്കുന്നതാണെന്ന് ഞാൻ കരുതുന്നു. എനിക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നവരോടുള്ള ഒരേയൊരു അഭ്യർത്ഥന വിജയത്തേക്കാളേറെ അവരുടെ പങ്കാളിത്തമാണ് പ്രധാനം എന്ന് തിരിച്ചറിയണം എന്നതാണ്. ഒരു മത്സരത്തിലും എല്ലാവരും വിജയിക്കുകയില്ല. എന്ന് മാത്രമല്ല വിജയം എല്ലായ്പ്പോഴും വസ്തുനിഷ്ഠമായിക്കൊള്ളണമെന്നും ഇല്ല. അതുകൊണ്ട് ഇത്തരം ഒരു മഹോത്സവത്തിൽ പങ്കെടുക്കുന്നു എന്നത് തന്നെയാണ് നിങ്ങളുടെ മഹത്വവും പ്രതിഭയും തെളിയിക്കുന്നത്. അതുകൊണ്ട് പങ്കാളിത്തത്തിൽ ഊന്നുക, മത്സരത്തേക്കാളേറെ അഥവാ മത്സരത്തിലുള്ള വിജയത്തേക്കാളേറെ എന്നാണ് എനിക്ക് പറയാനുള്ളത്. പ്രാഥമികമായും ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് സാഹിത്യമത്സരങ്ങളിൽ പങ്കെടുക്കുന്നവരോടും എനിക്ക് പറയാനുള്ളത് നിങ്ങൾക്ക് കഴിയുന്നത്ര നന്നായി എഴുതുക. അത് ഏത് സാഹിത്യവിഭാഗത്തിലായാലും കഴിന്നത്ര നന്നായി, കഴിയുന്നത്ര ചിന്തിച്ച്, കഴിയുന്നത്ര ഭാവനയോടെ ഭാഷയുടെ വൈദഗ്ധ്യം മുഴുവൻ വെളിപ്പെടുത്തുന്ന തരത്തിൽ എഴുതുക. അതായിരിക്കണം നിങ്ങളുടെ ഏറ്റവും പ്രാഥമികമായ ലക്ഷ്യം. ഈ രീതിയിൽ അർത്ഥസമ്പന്നമായ ഒരു കലോത്സവമായി മാറട്ടെ ഇത് എന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

## സ്വരാജ് വട്ടത്തിലെ കവലകൾ

### പി.ജി. ഉഷടീച്ചറുടെ വാട്ടർ കളർ ചിത്രപ്രദർശനം




ജോലികൊണ്ട് ചിത്രകലാ അധ്യാപികയായിരുന്നു പി ജി. ഉഷ ടീച്ചർ. പക്ഷേ പാട്ടും ആട്ടവും സംഘാടനവും എല്ലാം അതിനൊപ്പമുണ്ട്. പല തലമുറകൾക്കൊപ്പം കലോത്സവവേദികളിലെ സ്ഥിരസാന്നിദ്ധ്യമാണ് ഉഷ ടീച്ചർ. ഇത്തവണ ടീച്ചറെത്തുന്നത് പല ജില്ലക്കാരായ ആസ്വാദകർക്ക് തൃശൂർ നഗരത്തിലെ ഇടങ്ങളെ പരിചയപ്പെടുത്തുന്ന ചിത്രപ്രദർശനവുമായാണ്.

സംസ്ഥാന യുവജനോത്സവത്തിന് തൃശ്ശിവപേരൂർ നഗരം ആതിഥേയത്വം വഹിക്കുമ്പോൾ നഗരപെരുമയുടെ സൗന്ദര്യം അനാവരണം ചെയ്തുകൊണ്ട്, സ്വരാജ് റൗണ്ടിൽ സന്ധിക്കുന്ന കോർപ്പറേഷൻ റോഡ്, കുറുപ്പം റോഡ്, എം.ജി. റോഡ്, ഷൊർണൂർ റോഡ് തുടങ്ങി 19 റോഡുകളുടെ ജംഗ്ഷനുകളും കൂടാതെ തൃശൂരിലുള്ള സാംസ്കാരിക സ്ഥാപനങ്ങളായ സാഹിത്യ, സംഗീത, ലളിതകലാ അക്കാദമികൾ, നഗര കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന അഭിമാന സ്തംഭങ്ങളായ വടക്കുംനാഥ ക്ഷേത്രം, പുത്തൻപള്ളി, പൂരത്തിന്റെ പ്രാമാണികരായ തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളും സൂക്ഷ്മമായി കൈവരയാൽ ചിത്രീകരിച്ച വാട്ടർ കളർ ചിത്രങ്ങളുടെ പ്രദർശനം ജനുവരി 14 മുതൽ 18 വരെ തേക്കിൻക്കാട് മൈതാനിയിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നു.



**അർജുൻ പാണ്ഡ്യൻ IAS**
ജില്ലാ കളക്ടർ-തൃശൂർ

കേരളത്തിന്റെ സാംസ്കാരക തലസ്ഥാനമായ തൃശൂർ ഒരിക്കൽകൂടി കൗമാര കലാവസന്തത്തിന് വേദിയാകുകയാണ്. 64ാമത് കേരള സ്കൂൾകലോത്സവത്തിനായി തൃശൂരിലെത്തുന്ന കലാപ്രതിഭകളെയും, അവരെ അനുഗമിക്കുന്ന അധ്യാപകരേയും, രക്ഷിതാക്കലേയും ഞാൻ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു. കലോത്സവും കേവലം ഒരു മത്സരമല്ല. മറിച്ച് മാനവീകതയെയും സാഹോദര്യത്തെയും കൂട്ടിയിണക്കുന്ന ശക്തമായ ബന്ധത്തിന്റെ ഒരു പ്രതീകമാണ്. ഏ,്യയിലെ തന്നെ ഏറ്റവും വലിയ കലോത്സവം ഏറ്റവും അച്ചടക്കത്തോടെയും ആവേശത്തോടെയും വിജയിപ്പിക്കാൻ നാം ഓരോരുത്തരും പ്രതിജ്ഞാബദ്ധരാണ്. ഇത്തവണ 'ഹരിതം കലോത്സവം' എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ എല്ലാവരുടേയും സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. തേക്കിൻക്കാട് മൈതാനിയിലെ പ്രധാനവേദിയായ 'സൂര്യകാന്തി' മുതൽ ജില്ലയിലെ 25 വേദികളിലും തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. മത്സരങ്ങളിൽ വിജയപരാജയങ്ങൾ ഉണ്ടാകാം, എന്നാൽ ഈ വലിയ വേദിയിൽ പങ്കാളികളാകുന്നു എന്നത് തന്നെ വലിയൊരു വിദയമാണ്. നമ്മുടെ നഗരത്തിന്റെ അതിഥഇകളായി എത്തുന്ന എല്ലാവർക്കും മികച്ച സൗകര്യങ്ങളും സുരക്ഷിതമായി അന്തരീക്ഷവും ഉറപ്പാക്കാൻ ജില്ലാഭരണകൂടം സജ്ജമാണ്. എല്ലാ കലാപ്രതിഭകൾക്കും മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.